വെളിച്ചം

ചോരയുടെ ഗന്ധത്തിൽ വൈബ്
കണ്ടെത്തുന്ന ജെൻ സി;
കുറ്റപ്പെടുത്തലുകളല്ല,
പരിഹാരങ്ങളാണ് വേണ്ടത്.

വെളിച്ചം

പബ്ലിഷർ: **സിനാൻ പീച്ചങ്കോട്**
ചീഫ് എഡിറ്റർ: **മുബശ്ശിർ വാഴക്കാട്**
എഡിറ്റേഴ്സ്: **മുജ്തബ അഹ്മദ് മൻസൂർ,**
അൽത്വാഫ് ഈങ്ങാപ്പുഴ, അബ്ദുൽ നാഫിഅ്
കവർ ലേഔട്ട്: **മുസമ്മിൽ കുഞ്ഞിപ്പള്ളി**

07

ചോരയുടെ ഗന്ധത്തിൽ വൈബ് കണ്ടെത്തുന്ന ജെൻ സി; കുറ്റപ്പെടുത്തലുകളല്ല, പരിഹാരങ്ങളാണ് വേണ്ടത്

• സ്വാദിഖ് കോഡൂർ

16

വിശ്വാസിയുടെ ജീവിതം: പരിപൂർണ സമർപ്പണത്തിന്റെ പ്രതീകം

• ശമ്മാസ് ശിവപുരം

18

സൂറത്തു റഹ്മാൻ: ദിവ്യകാരുണ്യത്തിന്റെ ഓർമപ്പെടുത്തൽ

• ഇസ്ഹാഖ് പാറക്കടവ്



26

ഖാജാതങ്ങളെ
ചാരത്തൊരു നോമ്പുതുറ

• ഷഫീഹ് തിരുവള്ളൂർ



31

ലഹരിയിൽ മറയുന്ന ജീവനുകൾ

• മിസ്ബാഹ് ഒറ്റപ്പാലം

43

ആശ്വാസ തീരം തേടി!

• സിനാൻ കല്ലിക്കണ്ടി

രക്ഷിതാക്കളെ,
കയ്യെത്തും ദൂരത്ത് നിങ്ങളില്ലെങ്കിൽ

കാലം മാറിക്കൊണ്ടിരിക്കുന്നു,പുതുതലമുറ ബുദ്ധിവികാസത്തിലും കഴിവുകളിലും അപൂർവമായ മുന്നേറ്റം കൈവരിക്കുകയാണ്. എന്നാൽ അതിനൊപ്പം, ലഹരിവ്യാപനം ഗുരുതരമായ സാമൂഹിക പ്രതിസന്ധിയായി മാറികൊണ്ടിരിക്കുന്നു. സ്കൂൾ പഠനഘട്ടത്തിൽ തന്നെ വിദ്യാർത്ഥികൾ ലഹരിയിലേക്ക് വഴുതിവീഴുന്ന വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. കേരളത്തിൽ ലഹരി കേസുകളുടെ എണ്ണം കുതിച്ചുയരുന്നതിനൊപ്പം, കുറ്റകൃത്യങ്ങളുടെ വർദ്ധനവും നിയമനടപടികളിലെ ദൗർബല്യവും ലഹരിവ്യാപനത്തിന് അനുകൂല അന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു. ക്രിമിനൽ പ്രവണതയും അക്രമസംസ്കാരവും വർധിച്ചുകൊണ്ടിരിക്കുമ്പോൾ, മൂല്യബോധവും ധാർമികതയും നൽകുന്ന വിദ്യാഭ്യാസ സംവിധാനം അനിവാര്യമായി മാറുകയാണ്. നാളത്തെ കേരളം ഇരുണ്ട കാലത്തിലേക്ക് പോകരുതെന്നുണ്ടെങ്കിൽ, മാനവികതയുടെ പ്രതീക്ഷ തിരിച്ചുകൊണ്ടുവരേണ്ടത് ഭരണകൂടത്തിൻറെയും സമൂഹത്തിൻറെയും സംയുക്ത ഉത്തരവാദിത്വമാകണം. അല്ലാത്തപക്ഷം, വരാനിരിക്കുന്ന തലമുറയ ഇരകളോ വേട്ടക്കാരോ ആകേണ്ട അവസ്ഥയിലേക്കായിരിക്കും നാം അവരെ തള്ളിവിടുന്നത്.

-എഡിറ്റർ

ചോരയുടെ ഗന്ധത്തിൽ വൈബ് കണ്ടെത്തുന്ന ജെൻ സി; കുറ്റപ്പെടുത്തലുകളല്ല, പരിഹാരങ്ങളാണ് വേണ്ടത്.

സ്വാദിഖ് കോഡൂർ

‘നാം ഏറെ ഭയന്ന ’നോർമലൈസ്’ എന്ന ആശയത്തിന്റെ പ്രതിഫല നം ഇവിടെ ദൃശ്യമാകുന്നു. അവിടെ ലൈംഗികതയും പ്രകൃതിവിരുദ്ധ തയും നോർമലൈസ് ചെയ്യപ്പെട്ടതായിരുന്നെങ്കിൽ, ഇവിടെ വയലൻ സും പകപോക്കലുമാണ്. അങ്ങനെയാണ് കട്ടച്ചോരകൊണ്ട് ജ്യൂസ് അടിക്കാനും, പേനക്കത്തിനാൽ വിദ്യാരംഭം കുറിക്കാനും ഓരോ വി ദ്യാർത്ഥിയും മുന്നിട്ടിറങ്ങുന്നത്.‘



നെറി കേടുകളുടെ കാലഘട്ടത്തെയാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.കുറ്റകൃത്യങ്ങൾക്കൊണ്ട് ജെൻ സി സംഹാര താണ്ഡവമാടുമ്പോൾ ധാർമികതയും സഹിഷ്ണുതയുമെല്ലാം നോക്കുകുത്തിയാകുന്നു. പുരോഗമനവാദങ്ങളും മോഡേണിസവും പുതിയകാല വിദ്യാർത്ഥികളെ എത്രത്തോളം ഗ്രസിച്ചിട്ടുണ്ട് എന്നതിന്റെ തെളിവ് കൂടിയാണ് ഇത്. അതുകൊണ്ടുതന്നെയാണ് സ്വന്തം കുടുംബാംഗങ്ങളെ പോലും നിഷ്ഠൂരമായി വധിക്കാനും അസഹിഷ്ണുതയെ കൂട്ടുപിടിക്കാനും ഓരോ വിദ്യാർത്ഥിയെയും പ്രേരിപ്പിക്കുന്നത്.

സമീപകാല സംഭവവികാസങ്ങൾ നാം ഏവരും ഞെട്ടലോടുകൂടി ശ്രവിച്ചിരിക്കും. 'ഇങ്ങനെയൊക്കെ ചെയ്യാൻ ഒരാൾക്ക് പറ്റുമോ?' എന്ന ചോദ്യം പലവട്ടം നമ്മൾ നമ്മോട് തന്നെ ഉന്നയിച്ചിട്ടുണ്ടാകും. എന്നാൽ ഇതിന് പല കാരണങ്ങളുണ്ട്. സമൂഹമാധ്യമങ്ങളുടെയും സിനിമകളുടെയും സ്വാധീനം തന്നെയാണ് അതിൽ പ്രധാനം. നാം ഏറെ ഭയന്ന 'നോർമലൈസ്' എന്ന ആശയത്തിന്റെ പ്രതിഫലനം ഇവിടെ ദൃശ്യമാകുന്നു. അവിടെ ലൈംഗികതയും പ്രകൃതിവിരുദ്ധതയും നോർമലൈസ് ചെയ്യപ്പെട്ടതായിരുന്നെങ്കിൽ, ഇവിടെ വയലൻസും പകപോക്കലുമാണ്. ലഹരി പദാർത്ഥങ്ങൾ ഇതിന് ഒരു മോട്ടീവായി പ്രവർത്തിച്ചുവെങ്കിലും, സഹപാഠിയെ പോലും അതിദാരുണമായി വ്രണപ്പെടുത്തണമെന്ന ചിന്താഗതി നെയ്തെടുക്കുന്നതിൽ റാപ്പ് സംഗീതവും സിനിമകളും വഹിക്കുന്ന പങ്ക് ചെറുതല്ല. അങ്ങനെയാണ് കട്ടച്ചോരകൊണ്ട് ജ്യൂസ് അടിക്കാനും, പേനക്കത്തികൊണ്ട് വിദ്യാരംഭം കുറിക്കാനും ഓരോ വിദ്യാർത്ഥിയും മുന്നിട്ടിറങ്ങുന്നത്.

ജെൻ സി യിലെ ഓരോ വിദ്യാർത്ഥിയിലേക്കും അതിവേഗം കടന്നുചേർന്ന ഒന്നാണ് 'ട്രെൻഡ്' എന്ന ആശയം. വസ്ത്രം, ഭക്ഷണം തുടങ്ങി ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും അതിന്റെ സ്വാധീനം വ്യാപിച്ചിരിക്കുന്നു. അതിനായി യാതൊരു ദാക്ഷിണ്യവുമില്ലാതെ പണം ചെലവാക്കാനും ജെൻ സി മടിക്കുന്നില്ല. മറ്റൊരാളുടെ സ്റ്റാറ്റസ്, സ്റ്റോറി തുടങ്ങിയവ നിരീക്ഷിച്ച്, അതാണവരുടെ മുഴുവൻ ജീവിതം എന്ന തെറ്റായ വിലയിരുത്തലിലേക്കാ

''എനിക്കും അതുപോലെ ആകണമെന്ന' മനോഭാവം വിദ്യാർത്ഥികളിൽ വളരുന്നു. അപ്പോഴാണ് ഐഫോൺ അല്ലാത്ത മൊബൈൽ ഉപയോഗിക്കുന്നത് 'അറു ബോറാകുന്നതും,' ട്രെൻഡുകളെ പിന്തുടരാതെ മാറി സഞ്ചരിക്കുന്നത് 'തന്ത വൈബാവുന്നതും.' പുതിയ തലമുറ നേരിടുന്ന ഈ വിപത്തുകൾക്ക് പരിഹാരമാണ് നാം കണ്ടെത്തേണ്ടത്.'

ണ് പുതിയകാല വിദ്യാർത്ഥിത്വം എത്തിച്ചേരുന്നത്. 'എനിക്കും അതുപോലെ ആകണമെന്ന' മനോഭാവം ഇതിലൂടെ വിദ്യാർത്ഥികളിൽ വളരുന്നു. അപ്പോഴാണ് ഐഫോൺ അല്ലാത്ത മൊബൈൽ ഉപയോഗിക്കുന്നത് 'അറു ബോറാകുന്നതും,' ട്രെൻഡുകളെ പിന്തുടരാതെ മാറി സഞ്ചരിക്കുന്നത് 'തന്ത വൈബാ

വുന്നതും.'

പുതിയ തലമുറ നേരിടുന്ന ഈ വിപത്തുകൾക്ക് പരിഹാരവും നാം കണ്ടെത്തേണ്ടതുണ്ട്. 'ലഹരിയും മയക്കുമരുന്നുമാണ് ഇതിൻറെ മൂല കാരണം' എന്ന് പറഞ്ഞ് മടങ്ങുമ്പോഴും, ചില പ്രധാന പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കേണ്ടതുണ്ട്. 'ഓപ്പറേഷൻ ഡി-ഹണ്ടിങ്' എന്ന പേരിൽ കേരള പോലീസ് നടത്തിയ അന്വേഷണത്തിൽ വെറും ഒരു ആഴ്ചക്കുള്ളിൽ 2,854 മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഈ അവസ്ഥയെ മറികടക്കാൻ നമുക്ക് പ്രവർത്തിക്കേണ്ടതുണ്ട്.

പുതിയ തലമുറ നേരിടുന്ന വിപത്തുകൾക്ക് പരിഹാരവും നാം കാണേണ്ടതുണ്ട്. ലഹരിയും മയക്കുമരുന്നുമാണ് ഇതിന്റെ പ്രധാന കാരണം എന്ന മുദ്രകുത്തലിൽ നിൽക്കാതെ, സമഗ്രമായ പരിഹാര നിർദേശങ്ങളും നാം മുന്നോട്ട് വെക്കേണ്ടതുണ്ട്. 'ഓപ്പറേഷൻ ഡി-ഹണ്ടിങ്' എന്ന പേരിൽ കേരള പോലീസ് കഴിഞ്ഞ ഒരാഴ്ച നടത്തിയ അന്വേഷണത്തിൽ 2,854 മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഈ ഭീഷണിയെ മറികടക്കാൻ നമുക്ക് ഫലപ്രദമായ ഇടപെടലുകൾ നിർവഹിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ സിലബസിന്റെ നവീകരണമാണ് ആദ്യ പരിഹാരം. വിദ്യാർത്ഥികൾക്ക് സാമൂഹിക ബന്ധങ്ങളും വ്യക്തിഗത ഉത്തരവാദിത്വങ്ങളും മനസ്സിലാക്കാനുള്ള വിദ്യാഭ്യാസം സ്കൂളുകളിൽ നിന്ന് തന്നെ ലഭ്യമാകണം. പല വിദ്യാർത്ഥികൾക്കും ജനങ്ങളോട് എങ്ങനെ ഇടപഴകണം, എങ്ങനെ സംവദിക്കണം എന്നതിനെ കുറിച്ചുള്ള അവബോധമില്ല. വർഷങ്ങളായി തുടരുന്ന പരമ്പരാഗത സിലബസുകളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയാൽ ഇത്തരം വഴിതെറ്റലുകളിൽ നിന്ന് വിദ്യാർത്ഥികളെ രക്ഷപ്പെടുത്താനാവും.

പലർക്കും രാഷ്ട്രീയബോധം സോഷ്യൽ മീഡിയയിലൂടെ ലഭ്യമാകുന്നുണ്ടെങ്കിലും, ഒരു പൗരനായുള്ള കടമകളും ഉത്തരവാദിത്വങ്ങളും അവർക്കറിയില്ല.

ഈ ആവശ്യമായ മാറ്റങ്ങൾ നടപ്പാക്കാൻ സാധിച്ചാൽ മാത്രമേ സോ-കോൾഡ് '2k കിഡ്സ്' എന്ന് വിളിക്കുന്ന തലമുറയെ തകർച്ചയിലേക്കുള്ള കുതിപ്പിൽ നിന്ന് പിന്തിരിപ്പിക്കാനാകൂ. ഇല്ലെങ്കിൽ, അഫാനുമാരും റാഗിംഗ് സംഘങ്ങളും ഇനിയും പടർന്നു പന്തലിക്കും.

ദീപ്ത സ്മരണകളുടെ പൂർവ്വിക റമളാൻ

മൻസൂർ വെണ്ണക്കോട്

മോഡേൺ ജീവിതശൈലിയുടെയും അപ്രമാദിത്യത്തിന്റെയും സ്വാധീനം, റമളാനെയും ഒരു ആനന്ദോത്സവമെന്നോ ഉപഭോഗവേളയെന്നോ കരുതുന്ന രീതിയിലേക്ക് സമൂഹത്തെ നയിക്കുന്നു. അതിനാൽ മഹാന്മാരുടെ റമളാൻ ജീവിതം മനസ്സിലാക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നത് അനിവാര്യമാണ്.

ആന്തരികമായും ബാഹ്യമായും വിശ്വാസികൾ സ്വായത്തമാക്കിയ നന്മകൾ കൂടുതൽ ജീവസന്തുഷ്ടമാക്കാനും, വന്നുപോയ പാപങ്ങളിൽ നിന്ന് മുക്തി നേടാനും, ഏറെ വിശിഷ്ടമായ ഒരു അവസരമാണ് റമളാൻ മാസം.

റമളാനിന്റെ മഹത്വം കേവലം ഭക്ഷണവെടിയലിൽ ഒതുങ്ങുന്നില്ല. ഇത് അനുഷ്ഠിക്കുന്ന ഓരോ സൽപ്രവൃത്തിക്കും ഇരട്ടിയോ അതിലധികമോ പ്രതിഫലം ലഭിക്കുന്ന മാസം കൂടിയാണ്. അല്ലാഹു തആല പറയുന്നു: 'നോമ്പ് എനിക്കുള്ളതാണ്, അതിന് പ്രതിഫലം നൽകുന്നത് ഞാനാണ്.'

അതുകൊണ്ടുതന്നെ, നോമ്പിന്

മുത്ത് നബി (സ) റമളാൻ പിറവി അറിഞ്ഞാൽ തക്ബീർ ചൊല്ലി ദുആ ചെയ്യുമായിരുന്നു (മുസ്നദ് ദാരിമി). റമളാൻ ആഗതമായാൽ മുത്ത് നബി (സ) തടവിലാക്കപ്പെട്ടവരെ മോചിപ്പിക്കുകയും ചോദിച്ചുവരുന്ന എല്ലാ ആളുകൾക്കും നൽകുകയും ചെയ്യുമായിരുന്നു.

പുറമേ ചെയ്യുന്ന സൽപ്രവൃത്തികളാണ് പ്രതിഫലത്തിന്റെ തോത് വർധിപ്പിക്കുന്നതും, റമളാനിനെ കൂടുതൽ ഫലപ്രദമാക്കുന്നതും.

ഇമാം ഗസ്സാലി (റ) നോമ്പിനെ വർഗീകരിച്ചിരിക്കുന്നത് മൂന്നായിട്ടാണ്. സാധാരണക്കാരുടെ നോമ്പ്, നോമ്പുകാരൻ തന്റെ വയറിനെയും രഹസ്യഭാഗങ്ങളെയും നിയന്ത്രിക്കുന്നതുവരെ ഈ വിഭാഗത്തിൽപ്പെടും. പ്രത്യേകമാക്കപ്പെട്ടവരുടെ നോമ്പ് .കേൾവി, നാവ്, കണ്ണ് ഉൾപ്പെടെയുള്ള അവയവങ്ങളെ കുറ്റങ്ങളിൽ നിന്ന് സംരക്ഷിക്കുന്നവരുടെ നോമ്പ്തിരഞ്ഞെടുക്കപ്പെട്ടവരിൽ പ്രത്യേകക്കാരുടെ നോമ്പ് . ഹൃദയത്തെ നിയന്ത്രിക്കുകയും ചിന്തകളെയും മറ്റു കാര്യങ്ങളെയും അല്ലാഹുവിന്റെ അതിരുകൾ വിട്ടുകടക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നവരുടെ നോമ്പ്. ഇവർ വളരെ ഉന്നതരായിരിക്കും.

ഈ ഗണത്തിൽ പെട്ടവരാണ് മഹത്തുക്കളിൽ അധികവും. മോഡേൺ ജീവിതശൈലിയുടെയും അപ്രമാദിത്യത്തിന്റെയും സ്വാധീനം, റമളാനെയും ഒരു ആനന്ദോത്സവമെന്നോ ഉപഭോഗവേളയെന്നോ കരുതുന്ന രീതിയിലേക്ക് സമൂഹത്തെ നയിക്കുന്നു. അതിനാൽ മഹാന്മാരുടെ റമളാൻ ജീവിതം മനസ്സിലാക്കുകയും അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നത് അനിവാര്യമാണ്.

മുത്ത് നബി (സ) റമളാൻ പിറവി അറിഞ്ഞാൽ തക്ബീർ ചൊല്ലി ദുആ ചെയ്യുമായിരുന്നു (മുസ്നദ് ദാരിമി). റമളാൻ ആഗതമായാൽ മുത്ത് നബി (സ) തടവിലാക്കപ്പെട്ടവരെ മോചിപ്പിക്കുകയും ചോദിച്ചുവരുന്ന എല്ലാ ആളുകൾക്കും നൽകുകയും ചെയ്യുമായിരുന്നു (മിഷ്കാത്തുൽ മസാബീഹ്). സലഫുകളിൽ ചിലർ റമളാനിന്റെ ആറുമാസം മുമ്പ് തന്നെ അതിലേക്ക് എത്താനും, റമളാനിന് ശേഷമുള്ള ആറുമാസം കഴിഞ്ഞ റമളാൻ സ്വീകാര്യമാവാനും വേണ്ടി ദുആ ചെയ്യുന്നവരായിരുന്നു എന്ന് കാണാനാവും (ലതാഇഫുൽ മആരിഫ്).

ഓരോ റമളാൻ പിറക്കുമ്പോഴും ആഹ്ലാദത്താൽ കണ്ണും ഖൽബുമൊരുക്കി, നാഥനിലേക്ക് ശ്രദ്ധതിരിച്ച് ദീർഘമായ നമസ്കാരങ്ങളാൽ ആത്മീയാനുഭവം വർധിപ്പിക്കുകയും, മറ്റ് സൽക്കർമ്മങ്ങൾ കൂടുതലായി അനുഷ്ഠിക്കുകയും ചെയ്യുക അവരുടെ പതിവിലായിരുന്നു. മഹത്തുക്കളുടെ റമളാനിലെ നമസ്കാരങ്ങൾ പതിവിലും കവിഞ്ഞ ദൈർഘ്യമേറിയതായിരുന്നു. ഉമർ (റ), ഉബയ്യ് ഇബ്നു കഅ്ബ് (റ), താമീമുദ്ദാരി (റ) എന്നിവരോട് ഇമാം നിൽക്കാൻ കല്പിക്കുമായിരുന്നു. ഓരോ റക്അത്തിലും ഇരുനൂറ് ആയത്തുകൾ ഓതിയുള്ള നമസ്കാരത്തിന്റെ ദൈർഘ്യം കാരണം, അവർ വടിയിൽ അവലംബിക്കുകയും, സുബ്ഹിയോടടുക്കും വരെ ആ നമസ്കാരം നീളു

കയും ചെയ്തിരുന്നു (ലതാഇഫുൽ മആരിഫ്:316). തറാവീഹ് നമസ്കാരത്തിന്റെ ഓരോ നാല് റക്അത്തുകൾക്കിടയിലും സ്വഹാബാക്കൾ കഅ്ബ ത്വവാഫ് ചെയ്യുമായിരുന്നു (കിതാബുൽ മജ്മൂഅ്). ഖതാദ (റ) ഓരോ ഏഴ് ദിവസം കൂടുമ്പോഴും നമസ്കാരത്തിൽ മാത്രം ഖുർആൻ ഖത്മ് തീർക്കുമെന്നു കാണാനാവും, പ്രത്യേകിച്ച് അവസാന പാതിയിലോ അതിനുമപ്പുറമോ. ഉമർ (റ) റമളാനിലെ രാത്രിയിൽ ധാരാളം നമസ്കരിക്കുകയും, രാത്രിയുടെ പകുതിയിൽ തന്റെ കുടുംബത്തെ നമസ്കാരത്തിനായി വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു (മുവത്താ).

പരിശുദ്ധ ഖുർആൻ ഇറങ്ങിയ മഹത്വമുള്ള ഈ മാസത്തിൽ ഖുർആൻ ഖത്മ് ചെയ്യാൻ വളരെയേറെ ഉത്സാഹത്തോടെയും പരിശ്രമത്തോടെയും മുന്നോട്ട് വന്ന മഹാന്മാരുടെ ചരിത്രം അതിശയകരമാണ്. ഇബ്നു അബ്ദുൽ ഹകീം (റ) പറയുന്നത് പോലെ, മാലിക് (റ) റമളാൻ ആഗമിച്ചാൽ ഹദീസിന്റെയും മറ്റ് ഇൽമുകളുടെയും പഠനം ഒഴിവാക്കി പൂർണ്ണമായും ഖുർആൻ പാരായണത്തിൽ മുഴുകുമായിരുന്നു (ലതാഇഫുൽ മആരിഫ്). ഷാഫി ഇമാം (റ) അറുപതോളം ഖത്മ് തീർക്കുകയും, അബു ഹനീഫ ഇമാം റമളാനല്ലാത്തപ്പോൾ ഓരോ ദിവസവും ഒരു ഖത്മ് വീതം തീർക്കുകയും, റമളാനാകുമ്പോൾ രാത്രിയിലും പകലിലും രണ്ട് ഖത്മ് പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഖുർആനിന്റെ ആനന്ദം മനസ്സിലാക്കിയ മഹാന്മാരുടെ റമളാൻ ഇപ്രകാരമായിരുന്നു.

അപരന്റെ കണ്ണീരൊപ്പാനാകുക എന്നതാണ് ഇസ്ലാം സ്വദഖയിലൂടെ മുന്നോട്ട് വെക്കുന്ന പ്രധാന ആശയം. തിരു നബി (സ) പറഞ്ഞു: 'സ്വദഖകളിൽ ഏറ്റവും ശ്രേഷ്ഠമായത് റമളാനിലെ സ്വദഖയാണ്' (തിർമുദി). റമളാനിൽ മുത്ത് നബി (സ) പതിവിലുമപ്പുറം സ്വദഖ വർധിപ്പിക്കുമായിരുന്നു. അശരണരെ ചേർത്തുപിടിക്കാനും അവർക്കാവശ്യമായത് നൽകാനും മഹാന്മാർ ഒരിക്കലും മടിക്കുമായിരുന്നില്ല. ഇബ്നു ഉമർ (റ) പാവപ്പെട്ടവരോടൊപ്പം ആയില്ലെങ്കിൽ നോമ്പ് തുറക്കില്ലായിരുന്നു. അവരെ തടയുകയാണെങ്കിൽ ആ രാത്രിയിൽ പിന്നീട് ഭക്ഷണം കഴിക്കാറില്ലായിരുന്നു (ലതാഇഫുൽ മആരിഫ്). സമാനമായ ചരിത്രമാണ് ഇമാം അഹ്മദ് (റ)വിന്റേത്. നോമ്പ് തുറക്കാനിരുന്നപ്പോൾ വല്ലതും വേണമെന്നാവശ്യപ്പെട്ട് ഒരാൾ വന്നപ്പോൾ, താൻ മുന്നിലുണ്ടായിരുന്ന രണ്ട് റൊട്ടി അവന് നൽകി, വിശപ്പ് സഹിച്ച് പുലരും വരെ അവശേഷിക്കുകയും ചെയ്തു. ഹമ്മാദ് ഇബ്നു അബീ സുലൈമാൻ (റ) ഓരോ ദിവസവും അഞ്ഞൂറോളം പേർക്ക് ഇഫ്താർ ഒരുക്കുകയും, പെരുന്നാളായാൽ ഓരോരുത്തർക്കും നൂറ് ദിർഹം വീതം നൽകുകയും ചെയ്തിരുന്നു (സീയറു അഅ്ലാമുന്നുബലാ).

വിശ്വാസിക്ക് വീണുകിട്ടിയ നിധി പോലെയാണ് ഓരോ റമളാനുമെങ്കിലും അതിന്റെ ഗൗരവം അന്യമായ ഈ കാലത്ത് ആത്മീയതയുടെ ഓരം ചേർന്ന് റമളാനിനെ കൂടുതൽ അനുഭൂതിദായകമാക്കാൻ വിശ്വാസികളായ നമുക്ക് കഴിയേണ്ടതുണ്ട്.

ലേഖനം

വ്രതത്തിന്റെ ആത്മസ്പർശം

അൽത്താഫ് കോളിത്തട്ട്

അമ്പിനെ പരിച പ്രതിരോധിക്കും പ്രകാരം നരകത്തെയും പാപങ്ങളെയും പ്രതിരോധിക്കുന്ന പരിചയാണ് നോമ്പ്. വികാരത്തെ ഇല്ലാതാക്കിയും അവയവങ്ങളെ തെറ്റുകളിൽ നിന്ന് സംരക്ഷിച്ചും ഈ ലോകത്ത് നോമ്പ് കാവലായി ഭവിക്കുന്നു. പരലോകത്ത് നരകത്തിൽ നിന്നും കാവലാകുന്നു

മനുഷ്യൻ ആഗ്രഹാഭിലാഷങ്ങളും ഇച്ഛാസ്വാതന്ത്ര്യവും പ്രവർത്തന സൗകര്യവും സാധ്യതയും ഉള്ളവനാണ്. മനുഷ്യന് ആകർഷകവും ആസ്വാദ്യവുമായി തോന്നുന്ന പലതും ആത്മീയതയെ, അല്ലെങ്കിൽ ഈമാനിനെ (വിശ്വാസം) തന്നെ അപകടപ്പെടുത്തുന്നതോ പരിക്കേൽപ്പിക്കുന്നതോ ആയിരിക്കും. അത് കാരണമായി പാരത്രിക വിജയം നഷ്ടമായേക്കാം. എന്നാൽ വിശ്വാസി ഈ പ്രകൃതം കാരണം ആത്മികമായ അപകടവും നഷ്ടവും പരാജയവും സംഭവിക്കാതെ നോക്കണം. അതിന് പറ്റും വിധം ജീവിതത്തെ പാകപ്പെടുത്തുകയാണ് റമളാൻ.

വിശ്വാസിയുടെ പരിച

‘എന്റെ ദാസൻ നരകത്തെ തൊട്ട് മറയായി ഉപയോഗിക്കുന്ന പരിചയാണ് നോമ്പ്. അത് എനിക്കുള്ളതാണ്. അതിനുള്ള പ്രതിഫലം ഞാൻ നൽകുന്നതാണ്’ എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട് എന്ന് തിരുനബി (സ്വ) തങ്ങൾ പഠിപ്പിക്കുന്നുണ്ട് (അഹ്മദ്). നോമ്പനുഷ്ഠിക്കുന്നവന്റെയും നരകത്തിന്റെയും ഇടയിൽ തടസ്സമായി നിൽക്കുന്ന മറയായി നോമ്പ് പ്രവർത്തിക്കും. നോമ്പുകാരന്റെയും അവന്റെ വികാരങ്ങളുടെയും ഇടയിലെ തടസ്സം കൂടിയായി അത് നിലകൊള്ളും. കാരണം, നോമ്പ് വികാരങ്ങളെ ഇല്ലാതാക്കുന്നുണ്ട്. അമ്പിനെ പരിച പ്രതിരോധിക്കും പ്രകാരം നരകത്തെയും പാപങ്ങളെയും പ്രതിരോധിക്കുന്ന പരിചയാണ് നോമ്പ്. വികാരത്തെ ഇല്ലാതാക്കിയും അവയവങ്ങളെ തെറ്റുകളിൽ നിന്ന് സംരക്ഷിച്ചും ഈ ലോകത്ത് നോമ്പ് കാവലായി ഭവിക്കുന്നു. പരലോകത്ത് നരകത്തിൽ നിന്നും കാവലാകുന്നു. കാരണം, നോമ്പ് ദുർമോഹങ്ങളെ ഇല്ലാതാക്കുകയും പിശാചിന്റെ ആയുധങ്ങളായ വികാരങ്ങളെ തകർത്ത് കളയുകയും ചെയ്യുന്നു. വയറ് നിറഞ്ഞിരിക്കുന്ന അവസ്ഥ കുറ്റങ്ങൾ ചെയ്യിപ്പിക്കുകയും അത് വഴി ഈമാനിനെ കുറക്കുകയും ചെയ്യുമല്ലോ. അത് കൊണ്ടാണ് “സ്വന്തം വയറിനെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല” എന്ന് നബി(സ്വ) പറഞ്ഞത്.

നാഥന് വേണ്ടി

പ്രത്യക്ഷമായ അടയാളങ്ങളൊ

ന്നും നോമ്പിനില്ല. തീർത്തും രഹസ്യമായി നിർവഹിക്കാനാവും. മറ്റുള്ളവർക്ക് മുമ്പിൽ നോമ്പുകാരനെ പോലെ കഴിഞ്ഞ് രഹസ്യത്തിൽ തോന്നിയപോലെ ജീവിക്കാനും കഴിയും. അഥവാ, ആത്മാർത്ഥമായ അനുഷ്ഠാന സാധ്യത നോമ്പിൽ കൂടുതലാണ്. അതിനാൽ തന്നെ, അല്ലാഹുവിന് വേണ്ടി എന്ന സൽകർമങ്ങളുടെ നിഷ്കളങ്കാവസ്ഥ പൂർണാർത്ഥത്തിൽ സാധിക്കുന്ന കർമമായി നോമ്പ് മാറുന്നു. നോമ്പ് മറ്റാരുമറിയാതെ നിർവഹിക്കാമെന്ന പോലെ നോമ്പില്ലായ്മ മറ്റാരുമറിയാതെ സംരക്ഷിക്കുകയുമാകാം.

ഇബ്നു ഹജർ അസ്ഖലാനി(റ) ഫത്ഹുൽ ബാരി എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു: 'എല്ലാ സൽകർമ്മങ്ങളും അല്ലാഹുവിന് വേണ്ടിയാണ്, പ്രതിഫലം നൽകുന്നതും അവൻ തന്നെ. എന്നിരിക്കെ നോമ്പിനെ കുറിച്ച്, അതെനിക്കുള്ളതാണ്, അതിന് ഞാനാണ് പ്രതിഫലം നൽകുന്നത് എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്. ഒന്ന്: മറ്റു ഇബാദത്തുകളെ പോലെ നോമ്പിൽ റിയാഅ് (ലോകമാന്യം) സംഭവിക്കില്ല. 'നോമ്പിൽ റിയാഅ് ഉണ്ടാകില്ല' എന്ന നബിവചനം ഈ വിവരണത്തിന് ബലം നൽകുന്നതാണ്. കാരണം നോമ്പല്ലാത്ത കർമങ്ങൾ ശാരീരിക ചലനങ്ങളില്ലാതെ സാധ്യമാകില്ല. എന്നാൽ നോമ്പ് നിയ്യത്ത് കൊണ്ടുണ്ടാകുന്നതാണ്. നിയ്യത്ത് ജനങ്ങളിൽ നിന്ന് മറഞ്ഞിരിക്കുന്നതാണല്ലോ'. അല്ലാഹു ഒരുക്കിയതും ഹലാലാക്കിയതുമായ കാര്യങ്ങളിൽ ചിലത് അവനു വേണ്ടി വർജിക്കുന്നതിന്റെ മൂല്യവും ഫലവും പ്രതിഫലവും വ്യക്തമാക്കുകയാണ് അത് എടുത്തുപറഞ്ഞതിലൂടെ നാഥൻ എന്ന് ഈ വിശദീകരണത്തിലൂടെ മനസ്സിലാക്കാം.

നോമ്പിന്റെ ചൈതന്യവും മഹത്വവും വളരെ ഉന്നതമാണ്. അതിനാൽ അല്ലാഹുവിന്റെ ലിഖാഅ് (ആഖിറത്തിലെ കണ്ട്മുട്ടൽ) ആണ് വലിയ പ്രതിഫലം. നോമ്പുകാരന്റെ രണ്ട് സന്തോഷങ്ങളിലൊന്ന് അല്ലാഹുവിന്റെ ലിഖാഅ് ഉണ്ടാകുമ്പോഴാണെന്ന് ഹദീസ് വ്യക്തമാക്കിയിട്ടുണ്ടല്ലോ. നോമ്പ് തുറക്കുമ്പോഴുള്ള സന്തോഷമാണ് മറ്റൊന്ന്. സവിശേഷമായ മൂല്യവും പവിത്രതയുമുള്ളതായതിനാൽ നോമ്പിനെ കേവലം പട്ടിണി കിടക്കലിൽ ഒതുക്കിക്കൂടാ. തന്നെയുമല്ല, അങ്ങനെ ആയിപ്പോകുന്നതിന് എതിരെ കടുത്ത മുന്നറിയിപ്പുകൾ തിരുനബി (സ്വ) നൽകിയിട്ടുമുണ്ട്. നോമ്പിന്റെ മഹത്വം നഷ്ടപ്പെടാതെ ഉറപ്പാക്കാനാണ് മുത്ത്നബി(സ്വ) ആ മുന്നറിയിപ്പുകൾ നൽകിയിട്ടുള്ളത്. നോമ്പ് അല്ലാഹുവിന് വേണ്ടി പൂർണ മന:സംതൃപ്തിയോടെയും ആത്മാർത്ഥമായും ചിട്ടകൾ പാലിച്ചും അനുഷ്ഠിക്കുമ്പോഴേ നേട്ടങ്ങൾക്ക് നാം അർഹരാവൂ. നാഥൻ തുണക്കട്ടെ, ആമീൻ.

കർമശാസ്ത്രം

വിശ്വാസിയുടെ ജീവിതം: പരിപൂർണ സമർപ്പണത്തിന്റെ പ്രതീകം

ശമ്മാസ് ശിവപുരം

വിശ്വാസിയുടെ ജീവിതത്തിൽ ഭക്ഷണരീതിയും ആരാധനയുടെ ഭാഗമാണ്. എന്നാൽ അത് ഇസ്ലാമികമായിരിക്കണം എന്നത് നിർബന്ധമാണ്. അല്ലാഹു അനുവദിച്ച മാർഗ്ഗത്തിലൂടെ സമ്പാദിച്ച ആഹാരമേ വിശ്വാസികൾക്ക് ഉപഭോഗ്യമായിരിക്കാവൂ.

യഥാർത്ഥ വിശ്വാസിയുടെ ജീവിതം പൂർണമായും അല്ലാഹുവിന് സമർപ്പിതമായിരിക്കും. അല്ലാഹുവിന്റെ ദാസൻ ശരിയായ ഉദ്ദേശത്തോടും (നിയ്യത്ത്) നേരായ ലക്ഷ്യത്തോടും കൂടിയാൽ, ചെയ്യുന്ന ഓരോ കാര്യവും പരലോക പ്രതിഫലത്തിനായി കാരണമാകും.

വിശുദ്ധ ഖുർആനിൽ അല്ലാഹു നബിയോട് (സ) ഉപദേശിക്കുന്നു:
'നബിയെ, അങ്ങ് പറയും: എന്റെ നമസ്കാരവും, എന്റെ ആരാധനയും, എന്റെ ജീവിതവും, എന്റെ മരണവും സർവലോക രക്ഷിതാവിനുള്ളത്താണ്.' (അൽ-അൻആം: 162)

പണ്ഡിതന്റെ ഉറക്കം ആരാധനയാണ്, അദ്ദേഹത്തിന്റെ ശ്വാസോച്ഛ്വാസം തസ്ബീഹാണ്. ഈ ആമുഖം അവതരിപ്പിച്ചുകൊണ്ട് പണ്ഡിതർ പറയുന്നു: 'ആരാധനയ്ക്ക് സഹായകമായതെല്ലാം ആരാധനയാണ്.'
വിശ്വാസിയുടെ ഉറക്കം പോലും ആരാധനയുടെ പരിധിയിൽ വരുമ്പോൾ, ഉറക്കത്തിന് പോലും പ്രതിഫലം ലഭിക്കുമെങ്കിൽ, ഒരാൾ ബോധപൂർവം ചെയ്യുന്ന ഓരോ നന്മയും ആരാധനയായി മാറും.

വിശ്വാസിയുടെ ജീവിത

ത്തിൽ ഭക്ഷണരീതിയും ആരാധനയുടെ ഭാഗമാണ്. എന്നാൽ അത് ഇസ്ലാമികമായിരിക്കണം എന്നത് നിർബന്ധമാണ്. അല്ലാഹു അനുവദിച്ച മാർഗ്ഗത്തിലൂടെ സമ്പാദിച്ച ആഹാരമേ വിശ്വാസികൾക്ക് ഉപഭോഗ്യമായിരിക്കാവൂ. തിരുനബി (സ) അരുളി: 'ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈ കഴുകുക, അത് ദാരിദ്ര്യത്തിൽ നിന്ന് മോചനം നൽകും.'

ഭക്ഷണത്തിനുമുമ്പും ശേഷവും അല്ലാഹുവിന് നന്ദി പറയുക നിർബന്ധമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ നന്ദി ചെയ്താൽ, ഞാൻ നിങ്ങള്ക്ക് അനുഗ്രഹം വർധിപ്പിച്ചു തരാം.' (സൂറത്ത് ഇബ്രാഹീം: 7)

ഭക്ഷണം കഴിക്കാൻ തുടങ്ങുന്നതിന് മുമ്പ് 'ബിസ്മില്ലാഹ്' ചൊല്ലൽ ഇസ്ലാമിക സംസ്കാരത്തിന്റെ അടിസ്ഥാനഘടകമാണ്. അനസുബ്നു മാലിക്കി (റ)ൽ നിന്ന് നിവേദനം:

തിരുനബി (സ) അരുളി: 'വല്ലവനും തൻറെ കുടുംബത്തിന് നന്മ വർധിക്കണമെന്നു ആഗ്രഹിക്കുന്നുവെങ്കിൽ, ഭക്ഷണത്തിന് മുമ്പ് കൈ കഴുകുകയും 'ബിസ്മില്ലാഹ്' ചൊല്ലുകയും ചെയ്യട്ടെ.'

ഇസ്ലാമിൽ കൂട്ടമായി ഭക്ഷിക്കാൻ വലിയ പ്രാധാന്യമുണ്ട്. ഒരു അവസരത്തിൽ സഹാബികൾ നബിയോട് (സ) ചോദിച്ചു:

'ഞങ്ങൾ ഭക്ഷണം കഴിച്ചിട്ടും വയറു നിറയുന്നില്ല.'

നബി (സ) മറുപടി നൽകി:

'നിങ്ങൾ ഒറ്റയ്ക്കു ഭക്ഷണം കഴിക്കുന്നതായിരിക്കും. അതിനാൽ, കൂട്ടത്തോടെ ഇരുന്ന് 'ബിസ്മില്ലാഹ്' ചൊല്ലി ഭക്ഷിക്കൂ. അതിൽ വലിയ ബറക്കത്തുണ്ടാകും.'

കൂട്ടം ചേർന്ന് ഭക്ഷിക്കുമ്പോൾ, പരസ്പര സ്നേഹവും ഐക്യവും വളരും. കൂടെയുള്ളവരുടെ ആവശ്യമറിയാതെ സ്വാർത്ഥതയോടെ ഭക്ഷണം കഴിക്കരുത്. എല്ലായിടത്തും ശുദ്ധിയും മര്യാദയും പാലിക്കണം.

വിശ്വാസിയുടെ ജീവിതം മുഴുവനും അല്ലാഹുവിന്റെ തൃപ്തിക്കായി ആയിരിക്കണം. ഭക്ഷണം മുതൽ ഉറക്കം വരെ, അവൻ അല്ലാഹുവിന്റെ അനുഗ്രഹം തേടുകയും, എല്ലാ പ്രവൃത്തികളും ആരാധനയായി മാറ്റാൻ പരിശ്രമിക്കണമെന്നും. ജീവിതത്തിന്റെ ഓരോ നിമിഷവും അല്ലാഹുവിന്റെ ആത്മീയ അനുഗ്രഹത്തിനായി ഉപയോഗിക്കുമ്പോൾ, വിശ്വാസിയുടെ ജീവിതം പരിപൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമായി മാറും.

സൂറത്തു റഹ്മാൻ: ദിവ്യകാരുണ്യത്തിന്റെ ഓർമപ്പെടുത്തൽ

ഇസ്ഹാഖ് പാറക്കടവ്

സൂറത്തു റഹ്മാൻ മനസ്സിരുത്തി ചിന്തിച്ചാൽ, ദൈവാനുഗ്രഹങ്ങളുടെ മഹത്വം തിരിച്ചറിയാനും ദൈവിക കരുണയുടെ അർഥം മനസ്സിലാക്കാനുമുള്ള ആഴമേറിയ സന്ദേശമായി അത് മാറുന്നു. ദൈവം നൽകിയ ഏതു അനുഗ്രഹം നാം നിഷേധിക്കാനാണ്? ഈ ചോദ്യത്തിലൂടെ, സൂറത്തു റഹ്മാൻ മനുഷ്യനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഖുർആനിൽ ശൃഷ്ടികളോടുള്ള ദൈവിക സ്നേഹത്തിന്റെയും അതിരില്ലാത്ത കരുണയുടെയും മഹത്തായ പ്രതിഫലനമാണ് സൂറത്തു റഹ്മാൻ. ദൈവിക കരുണയുടെ മഹിമ ആവിഷ്ക്കരിക്കുന്ന ഈ സൂറത്ത്, ഖുർആനിന്റെ മണവാളൻ എന്ന വിശേഷണത്തോടുകൂടിയാണ് അറിയപ്പെടുന്നത്. അസ്മാഉൽ ഹുസ്നയിലെ അർ-റഹ്മാൻ എന്ന ദിവ്യനാമത്തോടെ ആരംഭിക്കുന്ന ഏക അദ്ധ്യായമാണിത്. ദയാലുവും പരമാനുഗ്രഹീതനുമായ അല്ലാഹുവിന്റെ അതുല്യാനുഗ്രഹങ്ങൾ ഈ സൂറത്തിൽ ആലേഖനം ചെയ്യപ്പെടുന്നു. മനുഷ്യനും ജി

ന്നിനും നൽകിയ അനുഗ്രഹ ങ്ങളെ പ്രതിപാതിക്കുമ്പോൾ, അവയെ തിരിച്ചറിയാനും കൃത ജ്ഞരാകാനുമാണ് നമ്മെ ഈ അദ്ധ്യായം പ്രേരിപ്പിക്കുന്നത്.

പരിശുദ്ധ ഖുർആനിലെ 55-ആമത്തെ അദ്ധ്യായമായ സൂറത്തു റഹ്മാൻ, ദൈവിക ജ്ഞാനവും കരുണയും നിറഞ്ഞ 78 ദിവ്യസൂക്തങ്ങളു ടെ സമാഹാരമാണ്.

അതിൽ, മുപ്പത്തിയൊന്ന് തവണ ആവർത്തിക്കുന്ന ഒരു ആയത്ത് ഏറെ ശ്രദ്ധേയമായി ട്ടാണ് ഖുർആനിൽ പരിചയപ്പെ ടുത്തുന്നത്.

'നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് നൽകിയ ഏതു അനുഗ്രഹ ത്തെയാണ് നിങ്ങൾ നിഷേധി ക്കുന്നത്?'

ഈ ദിവ്യവചനത്തിലൂടെ സർവലോക പരിപാലകനായ റബ്ബ് സൃഷ്ടികള്ക്ക് സമ്മാനിച്ച അതുല്യാനുഗ്രഹങ്ങളെ ഓർ മ്മപ്പെടുത്തുകയാണ് ചെയ്യുന്ന ത്.

സൂര്യനും ചന്ദ്രനും വിശുദ്ധ ഖുർആനിൽ കേവലം കാഴ്ചയി ലൊതുങ്ങുന്ന ഉൽക്കൃഷ്ട സൃഷ്ടി കൾ മാത്രമല്ല; അവയുടെ ദൗത്യം നിറവേറ്റുകയും, സൃഷ്ടാവിനെ വണങ്ങുകയും ചെയ്യുന്നു എന്ന സത്യവും സൂറത്തു റഹ്മാൻ വ്യ ക്തമാക്കുന്നുണ്ട്.

സൂറത്തിന്റെ പ്രാരംഭം അറി വിനെ മനുഷ്യനെ മഹോന്നതതി ലേക്കുയർത്തുന്ന ഒരു ദൈവാനു ഗ്രഹമായിട്ടാണ് പ്രതിപാദിക്കുന്നു. അതിനുശേഷം, മനുഷ്യ സൃഷ്ട്ടി, സൂര്യൻ, ചന്ദ്രൻ, പ്രകൃതി, സ്വർ ഗ്ഗം, വിശ്വാസികളെ കാത്തിരിക്കുന്ന സ്വർഗത്തിന്റെ മഹിമഎന്നിവ വ്യാ ക്യാനിക്കുന്നു.

സൂര്യനും ചന്ദ്രനും വിശുദ്ധ ഖുർആനിൽ കേവലം കാഴ്ചയി ലൊതുങ്ങുന്ന ഉൽക്കൃഷ്ട സൃഷ്ടി കൾ മാത്രമല്ല; അവയുടെ ദൗത്യം നിറവേറ്റുകയും, സൃഷ്ടാവിനെ വണ ങ്ങുകയും ചെയ്യുന്നു എന്ന സത്യ വും സൂറത്തു റഹ്മാൻ വ്യക്തമാക്കു ന്നുണ്ട്.

ഒരു തവണ പോലും കടല് യാത്ര അനുഭവിച്ചിട്ടില്ലാത്ത ഒരു പ്രവാചകൻ, കടലും ശുദ്ധജലവും തമ്മിൽ ചേരാത്ത ഒരു അദ്ഭുതപ്ര തിഭാസത്തെ പരിചയപ്പെടുത്തുന്നു:

'രണ്ട് കടലുകളെ (ജലാശയങ്ങ ളെ) തമ്മിൽ കൂടിച്ചേരത്തക്കവിധം അവൻ അയച്ചുവിട്ടിരിക്കുന്നു. അവ രണ്ടിനുമിടയിൽ അവ അന്യോന്യം അതിക്രമിച്ച് കടക്കാതിരിക്കത്തക്ക വിധം ഒരു തടസ്സമുണ്ട്.'

ശാസ്ത്രം ഇന്ന് ഈ തടസ്സത്തെ ലവണത, താപം തുടങ്ങിയ വിവിധ ഘടകങ്ങൾ ആയി വിശദീകരിക്കു ന്നു.

'അവ രണ്ടിൽ നിന്നുമാണ് മുത്തും പവിഴവും ഉല്പവിക്കുന്നത്.'

കടലിന്റെ അതിർത്തികളിലും സമു ദ്രജല ജീവജാലങ്ങളിലും ദൈവ ത്തിന്റെ അതുല്യ കരുണ പ്രത്യക്ഷ മാണ്.

തൊട്ടുപിറകെ ഭൂമിയിൽനിന്ന്

ഭൂമോ പരിതലം മറികടന്നുള്ള ഒരു പ്രയാണം സൂറത്ത് പരാമർശിക്കുന്നു:
'ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങൾക്കും ഭൂമിക്കും പുറത്ത് കടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്ന പക്ഷം, നിങ്ങൾ കടന്നുപോയിക്കൊള്ളുക, ദൃഷ്ടാന്തം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നു പോകുകയില്ല.'
ഇത് മനുഷ്യബുദ്ധിയെയും ശാസ്ത്രീയ അന്വേഷണങ്ങളെയും സ്വാധീനിച്ചിട്ടുള്ള ഖുർആനിലെ ഒരു അത്യന്തം ആഴമുള്ള ദർശനമാണ്. ബൗദ്ധിക പരിജ്ഞാനവും ദൈവിക മാർഗ്ഗനിർദ്ദേശവും സമന്വയിച്ച് മുന്നേറേണ്ടതിന്റെ സന്ദേശമാണ് ഈ സൂക്തം നൽകുന്നത്.

ഇമാം ഖുർതുബി ഈ സൂക്തം വിശദീകരിക്കുമ്പോൾ ഇബ്നു അബ്ബാസ് (റ) പറഞ്ഞ വാക്കുകൾ ഉൾക്കൊള്ളിക്കുന്നു:
'ആകാശ-ഭൂമിയിലുള്ളതിനെ പഠിക്കാനുള്ള ആഗ്രഹമുള്ളവൻ പഠനം നടത്തട്ടെ.
തീർച്ചയായും അവൻ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ മനസ്സിലാക്കും.'

ഈ സൂറത്തിൽ രണ്ട് സ്വർഗ്ഗങ്ങൾ പ്രതിപാദിക്കപ്പെടുന്നുണ്ടെന്ന് കാണാം:
'തന്റെ രക്ഷിതാവിന്റെ സന്നിധിയെ ഭയപ്പെട്ടവൻക്ക് രണ്ട് സ്വർഗ്ഗത്തോപ്പുകളുണ്ട്.'
ബഹുമാനപ്പെട്ട സിദ്ദീഖ് (റ) കുറിച്ചാണിതെന്ന് മുഫസ്സിറുകൾ വ്യക്തമാക്കിയിട്ടുണ്ട്.
'ഞാൻ ജനിച്ചില്ലായിരുന്നെങ്കിൽ!' എന്ന് ആശങ്കപ്പെട്ടപ്പോൾ തന്നെ ഈ ആയത്ത് അദ്ദേഹത്തിനെ സംബന്ധിച്ച് ഇറങ്ങി.
അരുവികളും പഴങ്ങളും നിറഞ്ഞ സ്വർഗ്ഗത്തെക്കുറിച്ചും, നരകവാസികൾക്കായി ഒരുക്കിയ ഭയാനക ശിക്ഷയെക്കുറിച്ചും ഈ സൂറത്ത് വ്യക്തമായി വിവരിക്കുന്നു.

സൂറത്തു റഹ്മാൻ ഹൃദയപൂർവം മനസ്സിരുത്തി ചിന്തിച്ചാൽ, ദൈവാനുഗ്രഹങ്ങളുടെ മഹത്വം തിരിച്ചറിയാനും ദൈവിക കരുണയുടെ അർഥം മനസ്സിലാക്കാനുമുള്ള ആഴമേറിയ സന്ദേശമായി അത് മാറുന്നു.
ദൈവം നൽകിയ ഏതു അനുഗ്രഹം നാം നിഷേധിക്കാനാണ്?
ഈ ചോദ്യത്തിലൂടെയും, ദൈവിക കൃപകളെ തിരിച്ചറിയാനുമുള്ള ആഹ്വാനത്തിലൂടെയും സൂറത്തു റഹ്മാൻ മനുഷ്യനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ലേഖനം

രാഷ്ട്രീയ മനുഷ്യരാവുക എന്നതാണ് പ്രധാനം

ഹബീബു റഹ്മാൻ കുറ്റ്യാടി

ഒരു കാലത്ത് രാഷ്ട്രീയ സാധ്യതകൾ ആവോളം നുകർന്നിരുന്ന, സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് വേണ്ടി നിരന്തരം ശബ്ദമുയർത്തിയ ക്യാമ്പസ് വിദ്യാർത്ഥിത്വം ഇന്ന് ലിബറൽ ആശയങ്ങളുടെ പുരോഗമന മുഖംമൂടികൾക്ക് അടിമപ്പെട്ട കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്

ലഹരിയുടെ വ്യാപനം സമൂഹത്തിൽ വലിയ ആശങ്ക ഉയർത്തുന്നതാണ്. മനുഷ്യനെ സാംസ്കാരികമായും സാമൂഹികമായും അസ്ഥിരപ്പെടുത്തുന്നത് കൂടാതെ പല തിന്മകളിലേക്കും നാശനഷ്ടങ്ങളിലേക്കും വലിച്ചിഴക്കുക കൂടി ചെയ്യുന്നുണ്ട്. ദിനം പ്രതി വാർത്ത മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന ഞെട്ടിപ്പിക്കുന്ന അക്രമ സംഭവങ്ങൾ ലഹരി ഉപയോഗത്തിന്റെയും വയലൻസ് കണ്ടന്റുകൾ അടങ്ങിയ സിനിമകളുടെയും അനന്തരഫലമാണെന്ന് പഠനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. കൂടാതെ മദ്യം പോലുള്ള ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തെ സാധാരണവൽകരിക്കുന്ന സിനിമാ രംഗങ്ങൾ വിദ്യാർത്ഥികളിൽ പോലും ലഹരി ഉപയോഗിക്കാൻ പ്രേരണയായിമാറും.

ക്യാമ്പസുകളും കോളേജ് ക്ലാസ്മുറികളും അനിയന്ത്രിതമായ ലഹരി ഉപയോഗത്തിനുള്ള ഹബ്ബുകളായി മാറിക്കൊണ്ടിരിക്കുന്നു. മദ്യക്കുപ്പികൾക്കായി ജൂനിയർ വിദ്യാർത്ഥികളിൽ നിന്നും പണം പിരിക്കുക, പണം നൽകാത്തവരെ ക്രൂരമായി പീഡിപ്പിക്കുക തുടങ്ങിയ പുറംലോകം അറിയാതെ പോയ ഒരുപാട് അതിക്രമങ്ങളാണ് ക്യാമ്പസുകളിൽ അരങ്ങേറുന്നത്.

അമിതമായ ലഹരി ഉപയോഗം വിദ്യാർത്ഥികളിൽ നിർമ്മിച്ചടുത്ത അക്രമവാസന ഇന്ന് വലിയ അളവിൽ കണ്ടുവരുന്നു. വർഷം തോറും വിദ്യാർത്ഥികൾ സിന്തറ്റിക് ഡ്രഗ്സ് പോലുള്ളതിലേക്ക് ചുവടുമാറുന്നത് സ്ഥിരമായി കാണുന്ന കാഴ്ചയാണ്. ലഹരിയുടെ മുഖേനെയുള്ള സൗഹൃദങ്ങൾ സമൂഹത്തിൽ സമ്മാനിക്കുന്ന ആശങ്കകൾ ചെറുതല്ല. എംഡി എം എ എന്ന മാരകമായ സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം ആദ്യ ഒന്നോ രണ്ടോ മണിക്കൂർ വളരെ സന്തോഷമായി തോന്നിപ്പിക്കും, എങ്കിലും അടുത്ത നിമിഷം അത് അമിതമായ ഉറക്കത്തിലേക്ക് വഴിയൊരുക്കും കൂടാതെ മാനസികമായി തകരുകയും തന്നെ ആരോ ആക്രമിക്കാൻ വരുന്നു എന്ന തോന്നൽ ഉണ്ടാക്കുകയും അതുകാരണമായി എപ്പോഴും കയ്യിൽ ആയുധം കരുതുകയും തുടർന്ന് സ്വന്തക്കാരെ പോലും വധിക്കുന്ന ദുരവസ്ഥയിലേക്ക് കാര്യങ്ങൾ ചെന്ന് അവസാനിക്കുകയും ചെയ്യുന്നു എന്നതാണ് പഠനങ്ങൾ പറയുന്നത്.

ഒരു കാലത്ത് രാഷ്ട്രീയ സാധ്യതകൾ ആവോളം നുകർന്നിരുന്ന, സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് വേണ്ടി നിരന്തരം ശബ്ദമുയർത്തിയ ക്യാമ്പസ് വിദ്യാർത്ഥിത്വം ഇന്ന് ലിബറൽ ആശയങ്ങളുടെ പുരോഗമന മുഖംമൂടികൾക്ക് അടിമപ്പെട്ട കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യ ചിന്തയുടെ ഫലമായി കുടുംബവും മതവും ഭാരമായി ഗണിക്കപ്പെട്ട സാമൂഹിക സ്ഥിതിയിൽ നിന്നും രൂപപ്പെട്ടതാണ് ഇത്തരം അരാഷ്ട്രീയ പ്രവണതകൾ എന്നത് വസ്തുതയാണ്. ഇവിടെ രാഷ്ട്രീയ പ്രവർത്തനങ്ങളെ പുനരാവിഷ്കരിക്കുകയാണ് പരിഹാരം.

ലഹരിയും ലിബറൽ ചിന്തകളും നൽകുന്ന നശ്വരമായ ഉന്മാദത്തേക്കാൾ ആനന്ദകരമായത് ജീവിതവുമാണ്, വിദ്യാഭ്യാസവുമാണ്, സംഘം ചേർന്ന് നടത്തുന്ന ധാർമിക പ്രവർത്തനവുമാണ്, നവോത്ഥാന ചിന്തകളും നല്ല സൗഹൃദങ്ങളും തന്നെയാണ്. ഇത് ബോധ്യപ്പെടുത്തുക എന്നതാണ് ഏറ്റവും മഹത്തായ രാഷ്ട്രീയ പ്രവർത്തനം.

സമൂഹത്തിന്റെ പ്രശ്നങ്ങളെ കുറിച്ച് ചിന്തിക്കുന്ന, തന്റെ സൗഹൃദത്തിന് വിലകൽപ്പിക്കുന്ന, തന്റെ സംഘടനയെ മറ്റുള്ളവർ എങ്ങനെ നോക്കിക്കാണുന്നു എന്ന് വ്യാകുലതപ്പെടുന്ന വിദ്യാർത്ഥി ലഹരി പോലുള്ള അപകടങ്ങളിൽ ചെന്ന് ചാടുന്നത് കുറവായിരിക്കും. അതിനാൽ ക്യാമ്പസുകളെ രാഷ്ട്രീയ ചലനമുള്ളതാക്കി മാറ്റുക.

അവനവനിലേക്ക് ചുരുങ്ങുന്ന, അന്യരെ കുറിച്ച് ആലോചനകൾ ഇല്ലാത്ത, അരാഷ്ട്രീയത ഭരിക്കുന്ന യുവതലമുറയെ സാമൂഹിക ബോധ്യത്തിലേക്കും വീണ്ടുവിചാരങ്ങളിലേക്കും ഉയർത്തുകയും ഉണർത്തുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. ചുറ്റിലുമുള്ള മനുഷ്യരുടെ വേദനകളിൽ അസ്വസ്ഥപ്പെടാനുള്ള മനസ്സുള്ളവർക്ക് ഒരിക്കലും സ്വയം ലഹരിയിൽ ആസ്വദിക്കാൻ കഴിയില്ല. അതിനുള്ള രാഷ്ട്രീയ മനുഷ്യരായി വിദ്യാർത്ഥികളെയും യുവാക്കളെയും രൂപപ്പെടുത്തുകയാണ് അത്യന്തികമായ പരിഹാരം.

കവിത/ **നസീഫ് കരുവൻപൊയിൽ**

സങ്കടങ്ങൾക്കിടയിലെ കുളിരുകൾ

ഞാൻ
നടന്നോണ്ടിരിക്കുന്നു.

ഞങ്ങടെ നാട്ടിലെ
ഖബ്ർസ്ഥാൻ
പള്ളിയിലേക്ക്.

എന്റെ
കൂടെ ശഅബാനുമുണ്ട്.

ഞങ്ങൾ കുശലം
പറഞ്ഞോണ്ടിരുന്നു
സങ്കടങ്ങളും.

ഇന്ന്
വെള്ളിയാഴ്ചയാണ്.
ശഅബാനിന്റെ
അന്ത്യ വെള്ളി.

ശഅബാൻന്റെ
പരിതപങ്ങൾ.

നല്ലോണം
പുരാനോട്
ഇരക്കണം.
അവൻ
തരാതിരിക്കില്ല.

ശാഅബാന്റെ
ഉപദേശം.

ഇന്ന്
ഉപ്പാന്റരികിൽ
ചെല്ലണം.

തല ഭാഗത്തെ
മീസാൻ കല്ലിനോട്
ചേർന്നിരുന്ന്.
ഉയർന്നു
വളർന്ന ചെടിയെ
താങ്ങിപ്പിടിച്ച്.

എനിക്ക്
ഉപ്പാനോട് ചിലത്
പറയണം.

എന്റെ
സന്തോഷങ്ങൾ.

നോമ്പിലൂടെ ആരോഗ്യവും

ഫജ്റാൻ പുല്ലൂക്കര

ആരോഗ്യം എന്നതിന്റെ നിർവചന പ്രകാരം സാമൂഹികവും ശാരീരികവും മാനസികവുമായ ഐശ്വര്യം നോമ്പിലൂടെ കൈവരിക്കാൻ സാധിക്കുന്നുണ്ട്. നമ്മുടെ ഭക്ഷണരീതിയിലൂടെ ശരീരത്തിൽ അടിഞ്ഞു കൂടുന്ന വിഷാംശങ്ങളെ ഇല്ലാതാക്കുവാൻ വർഷത്തിലൊരിക്കലുള്ള ഒരു മാസത്തെ നോമ്പിന് സാധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ഒരു മുസ്‌ലിമിന്റെ ആത്മീയ ചൈതന്യത്തിന് വേണ്ടി ഒരു വിശ്വാസി ഏറ്റവും കൂടുതൽ പരിശ്രമിക്കുന്ന മാസമാണ് റമളാൻ. റമളാൻ മാസം മുഴുവനും പകലിൽ ഭക്ഷണം വെടിഞ്ഞ് പടച്ചവനോട് വിധേയത്വം പ്രകടിപ്പിക്കുമ്പോൾ ആത്മീയമായ ഉയർച്ച ലഭിക്കുന്നതിന് പുറമേ അവൻ ആരോഗ്യപരമായ പല ഗുണങ്ങളും ലഭിക്കുന്നുമുണ്ട്. തിരുനബി വചനത്തിൽ നമുക്ക് കാണാം: 'നിങ്ങൾ നോമ്പനുഷ്ഠിക്കുക, ആരോഗ്യവാന്മാരാവുക'. ഇതിന്റെ സാരം നോമ്പനുഷ്ഠിക്കുന്നതിലൂടെ ആരോഗ്യവും കൂടി ലഭിക്കുന്നു എന്നതാണ്. ആധുനിക വൈദ്യശാസ്ത്രങ്ങളുടെ കണ്ടുപിടിത്തപ്രകാരം നോമ്പ് എടുക്കുന്നത് കൊളസ്ട്രോളും ഹൃദ്രോഗവും കുറയ്ക്കാൻ സഹായകരമാണെന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.



ഇസ്ലാമിലെ ഓരോ ആരാധനകൾക്കും അതിന്റേതായ ആന്തരികമായ മാനങ്ങളുണ്ട്. നോമ്പിന്റെ ആന്തരികമാനം നിയന്ത്രണം എന്നതാണ്. നിശ്ചിത വസ്തുക്കളെ നിശ്ചിത സമയത്ത് നിയന്ത്രിച്ച് നിർത്തുന്നു. റമളാനിൽ പ്രധാനമായും അഞ്ചു നേട്ടങ്ങളാണ് കൈവരിക്കാൻ സാധിക്കുന്നത്: (ശാരീരികമായത്, സാമൂഹികമായത്, ധാർമികമായത്, ആത്മീയമായത്, സാമ്പത്തികമായത്.)

ആരോഗ്യം എന്നതിന്റെ നിർവചന പ്രകാരം സാമൂഹികവും ശാരീരികവും മാനസികവുമായ ഐശ്വര്യം നോമ്പിലൂടെ കൈവരിക്കാൻ സാധിക്കുന്നുണ്ട്. നമ്മുടെ ഭക്ഷണരീതിയിലൂടെ ശരീരത്തിൽ അടിഞ്ഞുകൂടുന്ന വിഷാംശങ്ങളെ ഇല്ലാതാക്കുവാൻ വർഷത്തിലൊരിക്കലുള്ള ഒരു മാസത്തെ നോമ്പിന് സാധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

പ്രഗൽഭ ശാസ്ത്രജ്ഞനായ ഹെർബർട്ട് എം. ഷെൽട്ടൻ തന്റെ വർഷങ്ങളോളം നടത്തിയ പഠനങ്ങൾക്ക് ശേഷം രചിച്ച പുസ്തകം 'Fasting Can Save Your Life' എന്നതിൽ, നോമ്പെടുക്കുന്നതിലൂടെ ആരോഗ്യത്തെ സംരക്ഷിക്കാനാകുമെന്നും, ജീവിത സുരക്ഷയ്ക്ക് കാരണമാകുമെന്നും അദ്ദേഹം പറഞ്ഞുവെക്കുന്നു. ഡോ. ജെറാൾഡ് പറയുന്നത് പ്രകാരം ലോകം ഇസ്ലാമിക നോമ്പിനെ ഏറ്റെടുക്കുകയാണെങ്കിൽ, ലോക ജനതയുടെ ആരോഗ്യനില ഇന്നുള്ളതിനേക്കാൾ ഇരട്ടിയാകുമെന്ന് കണ്ടെത്തപ്പെട്ടിട്ടുണ്ട്. തുടർച്ചയായ മൂന്നുദിവസം നോമ്പ് നോൽക്കുന്നതിലൂടെ രക്തയോട്ടം വർദ്ധിക്കുമെന്നും, അഞ്ചുദിവസം നോമ്പ് നോൽക്കുന്നതിലൂടെ രോഗപ്രതിരോധശേഷി വർദ്ധിക്കുമെന്നും പഠനങ്ങൾ തെളിയിക്കുന്നു.

അമേരിക്കയിൽ 'Fasting Treament' എന്ന പേരിൽ 15 ഓളം പേരിൽ നടത്തിയ പരീക്ഷണത്തിൽ, ഓരോ പത്ത് ദിവസം കഴിയുംതോറും ഇവരിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾ കണ്ടു വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. തിരുവചനത്തിൽ നമുക്ക് കാണാം: 'എല്ലാ വസ്തുക്കൾക്കും സക്കാത് ഉണ്ട്, ശരീരത്തിന്റെ സക്കാത്ത് നോമ്പാണ്' (ഇബ്നു മാജ). നോമ്പെടുക്കുന്നതിലൂടെ ശാരീരിക ശുദ്ധീകരണം കൂടിയുണ്ടാകുന്നു.

വർഷത്തിലൊരു മാസം നോമ്പ് എടുക്കുന്നതിന് പുറമേ, എല്ലാ ആഴ്ചകളിലും തിങ്കളാഴ്ചയും വ്യാഴാഴ്ചയും നോമ്പ് നോൽക്കുന്നത് സുന്നത്താണ്. ഇത് കൂടി ആകുമ്പോൾ, ആരാധനയ്ക്ക് പുറമേ, ശാരീരിക ആരോഗ്യത്തെയും പരിഗണിക്കാൻ സാധിക്കും.

റോമിൽ നിന്ന് വന്ന ഡോക്ടർമാർ മദീനയിലെ രോഗമില്ലാത്ത അവസ്ഥയെക്കുറിച്ച് ചോദിച്ചപ്പോൾ, 'ഞങ്ങൾ മദീനക്കാർ വിശന്നാൽ മാത്രമേ ഭക്ഷ്ഢണം കഴിക്കുകയുള്ളൂ. അതുതന്നെ വയറുനിറക്കാതെ ഉള്ള ഭക്ഷണക്രമമാണ്' എന്ന് അവർ മറുപടി നൽകി.

ഇന്ന് സമൂഹത്തിൽ അധികപേരും രോഗികളാണ്. ഇതിന്റെ പ്രധാന കാരണമായി കണ്ടെത്താൻ കഴിയുന്നത് അയോജിതമായ ഭക്ഷണക്രമം തന്നെയാണ്. ഭക്ഷണക്രമം ഏറ്റവും നല്ല രീതിയിൽ ക്രമീകരിക്കുമ്പോൾ മാത്രമേ, ആരോഗ്യകരമായ ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ.

ഖാജാതങ്ങളെ ചാരത്തൊരു നോമ്പുതുറ

ഷഫീഹ് തിരുവള്ളൂർ



'അജ്മീറിൽ നോമ്പ് തുറന്നേ പോകൂ!' എന്ന വാശിയിലാണ് ഞങ്ങൾ. നോമ്പ് തുറന്നു. നൂറുകണക്കിന് ആളുകൾ അവിടെ നോമ്പ് തുറക്കാൻ എത്തിയിരുന്നു. അവർക്ക് ഭക്ഷണവും വെള്ളവും ഫ്രൂട്ട്സൊക്കെ നൽകാൻ വേറെയും ഒരുപാട് ആളുകൾ! ഇത്രയും ആളുകൾക്കു നോമ്പ് തുറക്കാൻ ഭക്ഷണം എവിടുനിന്ന് വരുന്നു? അതിനൊന്നും ഉത്തരങ്ങളില്ല! എല്ലാം ഖാജ തങ്ങളുടെ കറാമത്ത്!

രാജസ്ഥാനിലെ ഞങ്ങളുടെ ആദ്യ രാത്രിയായിരുന്നു. നല്ല തണുപ്പായതുകൊണ്ട് കട്ടിയുള്ള പുതപ്പും പുതച്ച് നല്ലോണം ഉറങ്ങി. ഇടക്കെപ്പോഴോ അസഹ്യമായ മൂട്ടൽ പണി പറ്റിച്ചു. ഉറക്കം കെടുത്തി എണീറ്റു പോയി കാര്യം സാധിച്ചു. വീണ്ടും പുതപ്പും പുതച്ച് ഉറങ്ങാൻ കിടക്കുമ്പോ വെറുതെ ഒന്ന് സമയം നോക്കി 6:16! സമയം തെറ്റിയതാണോ? അമീനെ വിളിച്ച് സമയം നോക്കാൻ പറഞ്ഞു. ഓന്റെ ഫോണിലും അതേ സമയം! പടച്ചോനെ, പണി പാളി! തലേന്ന് അലാറം വെച്ച് കിടന്നുറങ്ങിയ ഇസ്മായിലിന്റെ കൂർക്കം വലിയ ശബ്ദത്തിൽ കേൾക്കാൻ പറ്റുന്നുണ്ട്. ഞാനും അമീനും ഇസ്മായിലിനെ വിളിച്ച് എണീപ്പിച്ചു. ഇതൊന്നുമറിയാതെ സാലി പുതപ്പിനുള്ളിൽ നല്ല ഉറക്കത്തിലാണ്.

നാലാളും കൂടി എണീച്ച് കണ്ണും തിരുമ്മി ഇരിക്കുമ്പോഴാണ് സാബിത് ഉസ്താദ്, 'ഇനി ഒന്നും നോക്കണ്ട, ചോറും തിന്ന് കിടന്നുറങ്ങിക്കോ'. തലേന്ന് കഷ്ടപ്പെട്ട്

നമ്മളൊക്കെ ചേർന്ന് ഉണ്ടാക്കിയ ചോറും കറിയും പാത്രത്തിലിരുന്ന് ഞങ്ങളെ ശപിച്ചു കൊണ്ടിരിക്കുന്നു. ഒന്നും നോക്കിയില്ല, അത്തായം പോയി, ഇനി സുബ്ഹി കൂടി പോകേണ്ടതില്ലെന്നു കരുതി പെട്ടെന്ന് എഴുന്നേറ്റ് സുബ്ഹി നിസ്കരിച്ചു. ഇനി അങ്ങോട്ടുള്ള പദ്ധതി പ്ലാൻ ചെയ്തു. 10 മണിക്ക് എഴുന്നേറ്റു അജ്മീർ ദർഗയിൽ പോയി സിയാറത്ത് ചെയ്ത് ഇന്നത്തെ നോമ്പ് തുറയും, അത്തായമൊക്കെ അവിടുന്ന് ആക്കാം എന്ന് പ്ലാൻ ചെയ്തു. തണുപ്പത്ത് പുതപ്പും മൂടി വീണ്ടും ഉറങ്ങി. ഇതും പാളി! എഴുന്നേറ്റത് 11:15!

ഒന്നും നോക്കിയില്ല, തട്ടിക്കൂട്ടി ഒപ്പിച്ച് ഞങ്ങൾ അജ്മീർ ദർഗ ലക്ഷ്യം വെച്ച് ഇറങ്ങി. അജ്മീർ ബസ് ഇറങ്ങി ഓട്ടോ കയറി പോകണം. മലയാളികളെ പറ്റിക്കൽ ആണല്ലോ ഉത്തരേന്ത്യക്കാരുടെ മെയിൻ പരിപാടി. ഓട്ടോക്കാരനോട് 'കിത്നാ രൂപീ?' ചോദിച്ചപ്പോൾ 100 രൂപ!.
'നമ്മൾ മലയാളീസ് അല്ലെ!'
'ഏക് ആദ്മീ ദസ് രൂപീ!' അതിമ്മേ! ചവിട്ടിപ്പിടിച്ചു. ഓൻ ഞങ്ങളെ ഇട്ട് പോയി, പക്ഷേ വേറെ ഓട്ടോക്കാരൻ നമ്മളെ വലയിൽ വീഴ്ത്തി!

അജ്മീർ എത്തി. ഞങ്ങൾ സ്വപ്നത്തിൽ കണക്കുകൂട്ടിയതിനേക്കാൾ അത്ഭുതമാണ് അജ്മീർ. എത്രയെത്ര ജനങ്ങളാണ് ഇവിടെ... മുസ്ലിം, ഹിന്ദു, സിക്ക്, ബുദ്ധൻ... അങ്ങനെ എല്ലാ ജാതിക്കാരും ഇവിടുണ്ട്. അവരൊക്കെ ഒരുപാട് ലക്ഷ്യങ്ങളുമായി എത്തിയവരാണ്. പലതരം കച്ചവടക്കാർ, അസുഖം ബാധിച്ച ഒരുപാട് രോഗികൾഇവരൊക്കെ അജ്മീർ ഖാജയെ തവസ്സുൽ ആക്കി വന്നവരാണ്. ഭിക്ഷ തേടുന്ന ഒരുപാട് കരങ്ങൾ ഞങ്ങൾക്ക് നേരെ വന്നു... പണ്ട് മുതലേ മുതിർന്നവർ പറയാറുണ്ട്, 'അജ്മീറിലെ പാവങ്ങളിൽ ഒരാൾക്കു കൊടുത്താൽ പിന്നെ കുടുങ്ങി!'. പടച്ചോന്റെ തൗഫീഖ് കൊണ്ട് ഒരാൾക്ക് പോലും അഞ്ചുരൂപ കൊടുത്തിട്ടില്ല!

സിയാറത്തൊക്കെ കയറി ദർഗ ശരീഫ് ഒക്കെ ചുറ്റിക്കാണുമ്പോഴാണ് അമീന് പണി കിട്ടി! രാവിലെ അത്തായം കഴിക്കാത്തത് ഓനെ എഫെക്ട് ചെയ്തു. നല്ല ക്ഷീണമാ

അജ്മീർ എത്തി. ഞങ്ങൾ സ്വപ്ന ത്തിൽ കണക്കുകൂട്ടിയതിനേക്കാൾ അത്ഭുതമാണ് അജ്മീർ. എത്രയെ ത്ര ജനങ്ങളാണ് ഇവിടെ... മുസ്ലിം, ഹിന്ദു, സിക്ക്, ബുദ്ധൻ... അങ്ങനെ എല്ലാ ജാതിക്കാരും ഇവിടുണ്ട്. അവ രൊക്കെ ഒരുപാട് ലക്ഷ്യങ്ങളുമായി എത്തിയവരാണ്. പലതരം കച്ചവട ക്കാർ, അസുഖം ബാധിച്ച ഒരുപാട് രോഗികൾ,ഇവരൊക്കെ അജ്മീർ ഖാ ജയെ തവസ്സുൽ ആക്കി വന്നവരാണ്.

യി, പിന്നെ ഛർദിയായി, ആകെ കുലുമാലായി! എന്ത് തന്നെ ആയാലും 'അജ്മീറിൽ നോമ്പ് തുറന്നേ പോകൂ!' എന്ന വാശിയി ലാണ് ഞങ്ങൾ. നോമ്പ് തുറന്നു. നൂറുകണക്കിന് ആളുകൾ അവിടെ നോമ്പ് തുറക്കാൻ എത്തിയിരുന്നു. അവർക്ക് ഭക്ഷണവും വെള്ളവും ഫ്രൂട്ട്സൊക്കെ നൽകാൻ വേറെ യും ഒരുപാട് ആളുകൾ! ഇത്രയും ആളുകൾക്കു നോമ്പ് തുറക്കാൻ ഭക്ഷണം എവിടുനിന്ന് വരുന്നു? അതിനൊന്നും ഉത്തരങ്ങളില്ല! എല്ലാം ഖാജ തങ്ങളുടെ കറാമത്ത്!

എല്ലാം കഴിഞ്ഞ്, രോഗിയായ അമീനെയും കൂട്ടി ഞങ്ങൾ റൂമി ലേക്ക് പോയി. ഇനി നാളെയും പട്ടിണിക്കിടക്കാൻ പറ്റാത്തതുകൊ ണ്ട് സാബിത് ഉസ്താദ് പ്ലാൻ മാറ്റി, രാത്രി തന്നെ അത്തായം കഴിപ്പി ച്ചു!

ഇടയിൽ പറയാൻ മറന്ന ഒരു കാര്യം! മഖാമിൽ നിന്ന് വന്ന് വെള്ളമില്ലാത്തതുകൊണ്ട് ടാങ്കി യിൽ പോയി നാല് റൗണ്ട് വെള്ളം ബക്കറ്റിൽ നിറച്ച്, സ്റ്റെപ്പും കയറി വന്ന് ബാത്ത്റൂമിലെ ഡ്രം ഫുൾ ആക്കി! അവസാനത്തെ ബക്കറ്റ് വെള്ളം എടുക്കാൻ പോയപ്പോ അതാ രസം! മോട്ടർ നന്നാക്കാൻ ആൾ വന്നിട്ടുണ്ട്! ഇന്നലെ കേടായ മോട്ടർ ഇതുവരെ നന്നാക്കാതെ, ഇപ്പൊ കഷ്ടപ്പെട്ട് വെള്ളം കൊ ണ്ടുവന്ന് നിറച്ചപ്പോൾ ഓന്റെ ഒടു ക്കത്തെ വരവും!

നാളെത്തേ ദിവസം എങ്ങ നെയാണെന്ന് ഒരു പിടിയുമില്ല... എന്തെല്ലാം ആവുമെന്ന് സ്വപ്നം കണ്ടു കിടന്നുറങ്ങി!

തിരിച്ചറിയപ്പെടേണ്ട മൂല്യങ്ങൾ !

സ്വാലിഹ് കക്കാട്

ഇസ്ലാമിനെ വക്രീകരിക്കുക വഴി ജനതയെ വഞ്ചിക്കുന്നവർക്ക് നിങ്ങൾ ചെവികൊടുക്കരുത്. 'ഭൂമിയിലുള്ള ഭൂരിപക്ഷത്തിലേക്ക് നിങ്ങൾ അനുസരണ നൽകുകയെങ്കിൽ അവർ നിങ്ങളെ പിഴപ്പിച്ചു കളയും' (വി:ഖു). കേവല വ്യാമോഹങ്ങളിൽ തൃപ്തിയടയുകയല്ല, മരണം വന്നിറങ്ങും വരെ പരിപൂർണ്ണ ഈമാനിലായി സാക്ഷാൽകൃതരാവുകയാണ് വേണ്ടത്.

ഹൃദയകൊട്ടാരങ്ങളിൽ തിന്മകളെ അനിഷ്ടകരമാക്കി, ഈമാൻ കൊണ്ടതിനെയലങ്കരിച്ച സ്രഷ്ടാവിലത്രേ സ്തുതികളഖിലവും. വിശ്വാസിയെ തൊട്ട് പ്രയാസങ്ങൾ ദൂരീകരിക്കുന്ന വിശുദ്ധ കലിമത്തിനെ ഞാനൊരിക്കൽ കൂടിയുറക്കെ പറയുന്നു. ദൈവദൂതരിൽ റാണിയാം ഹബീബവർ (സ്വ) അല്ലാഹുവിന്റെ റസൂലും അടിമയുമാകുന്നു. അവരിൽ നീ ഗുണം ചെയ്യണം നാഥാ, അവിടുത്തെ കുടുംബത്തിലും സ്വഹാബോരിലും സച്ചരിതപാതയിൽ തുടർന്നവരിലും തഥൈവ.

അല്ലയോ സമൂഹമേ, ജഗനിയന്താവിന്റെ കല്പനകൾ അനുസരിക്കുക, ശാസനകൾ വെടിയുകയും ചെയ്യുക. ഇടയാട്ടങ്ങളോ, ഇടർച്ചയോ, ചാഞ്ചല്യമോ കൂടാതെ പരിശുദ്ധ ഇസ്ലാമിന്റെ വഴിയിൽ നിങ്ങൾ പ്രവേശിക്കുക. ഇസ്ലാമിനെ വക്രീകരിക്കുക വഴി ജനതയെ വഞ്ചിക്കുന്നവർക്ക് നിങ്ങൾ ചെവികൊടുക്കരുത്. 'ഭൂമിയിലുള്ള ഭൂരിപക്ഷത്തിലേക്ക് നിങ്ങൾ അനുസരണ നൽകുകയെങ്കിൽ അവർ നിങ്ങളെ പിഴപ്പിച്ചു കളയും'(വി:ഖു). കേവല വ്യാമോഹങ്ങളിൽ തൃപ്തിയടയുകയല്ല, മരണം വന്നിറങ്ങും വരെ പരിപൂർണ്ണ ഈമാനിലായി സാക്ഷാൽകൃതരാവുക. 'വിശ്വാസിയായിട്ടല്ലാതെ നിങ്ങൾ മരണമടയരുത്'(വി:ഖു).

വിശ്വാസി സമൂഹമേ, ഇസ്ലാം അനുസ്യൂതം അതിന്റെ ജൈത്രയാത്ര തുടർന്ന് കൊണ്ടിരിക്കും. വേരുറച്ചതും അന്തരീക്ഷത്തിൽ

പന്തലിച്ചു നിൽക്കുന്നതു മായവൃക്ഷം പോൽ, മനുഷ്യനും മൃഗത്തിനും സർവ്വ സൃഷ്ടികൾക്കും അഭയമാവുന്ന സുരക്ഷിത കോട്ടയാണത്. അനിവാര്യതകളെ, കാര്യകാരണങ്ങളെ പരിഗണിക്കുന്ന സുന്ദര മതമത്രേയത്. പിഴവ് വന്നു പോയവന് ഇവിടം വിട്ടുവീഴ്ചയുണ്ട്. ബൗദ്ധിക സംരക്ഷണം ഇസ്ലാമിന്റെ പരിഗണനയിൽ മൂല്യമേറിയതാണ്.

സർവ്വ ലഹരി വസ്തുക്കളെയും ഇസ്ലാം നിഷിദ്ധമാക്കി. രക്തത്തിന് വിലകൽപ്പിച്ചു കൊണ്ട് കൊലയും അക്രമപ്രവർത്തനങ്ങളും വിലക്കി. പരമ്പരയ്ക്ക് ഇസ്ലാം പവിത്രത കല്പ്പിക്കുന്നു, വ്യഭിചാരത്തെ നിഷിദ്ധമാക്കുകയും ഏറെ മോശമായി പ്രഖ്യാപിക്കുകയും ചെയ്തു. കഠിന ശിക്ഷകൾ അതിന് നിശ്ചയിച്ചു. ജനങ്ങളുടെ അഭിമാനത്തിന് ഇസ്ലാം ഏറെ വില നൽകുന്നു, വ്യഭിചാരാരോപണം വിലക്കി. ശിക്ഷയായി 80 അടി നിയമമാക്കി. സമ്പത്തിന് മൂല്യവും സംരക്ഷണവും കല്പ്പിച്ചു. കട്ടവന്റെ കൈ വെട്ടണമെന്നത് നിയമമാക്കി. പക്വതയില്ലാത്തവർക്ക് സമ്പത്ത് ഏൽപിക്കരുത്, ഇടപാടുകളിൽ ചൂഷണ സാധ്യതകളഖില വും അടച്ചു.

വിശുദ്ധ ഖുർആനിൽ ഏറ്റവും വലിയ ആയത്തിലൂടെ കടമിടപാടുകളിലെ മര്യാദകൾ വിവരിച്ചു. സംതൃപ്തി കൂടാതെയുള്ള സാമ്പത്തിക കൈവശാവകാശങ്ങൾ വിലക്കി.

സമ്പത്തിനു പരിധി നിശ്ചയിക്കലിനു പകരം അതെത്രയെങ്കിലും സമ്പാദ്യമാർഗവും ബാധ്യതകളും നന്മയാവണമെന്ന്, പൂർത്തീകരിക്കണമെന്ന് നിർദേശിച്ചു. സമ്പാദ്യമാർഗവും ചിലവഴിക്കേണ്ട ഇടവും വ്യക്തമാക്കി തന്നു. സ്ത്രീകളോട് ലോകത്ത് തുല്യതയില്ലാത്ത ആദരവും ബഹുമാനവും കല്പ്പിച്ചു. പെൺകുട്ടിയെ കുഴിച്ചു മൂടിയ പ്രവണതയോട് ശക്തമായി പ്രതികരിച്ചു. ആർത്തവസമയത്ത് അവളെ വീടിറക്കുന്നവരെ വിഡ്ഢികളെന്ന് വിളിച്ചു. ആർത്തവമുണ്ടായിരിക്കെ തന്നെ അവളെ അവന്റെ കൂടെ വിരിപ്പിലിരുത്തി. ശാരീരികബന്ധമൊഴിച്ച് എല്ലാത്തിനും സ്വാതന്ത്ര്യം നൽകി. ഹബീബവർ(സ്വ) പറയുന്നു : മനുഷ്യന് സംവിധാനിച്ചിട്ടുള്ള ഒരു രീതിയത്രേ ഇത്. സ്ത്രീക്ക് ഇസ്ലാം സംരക്ഷണം നൽകുന്നു. പെങ്ങളെ, നിങ്ങൾ തനിച്ച് യാത്ര ചെയ്യരുത്.

ഭർത്താക്കന്മാരോട് അവളെ പരിഗണിക്കേണ്ടതിനെ, അവളോട് തനിക്കുള്ള ബാധ്യതയെ ചൊല്ലി കീർത്തിച്ചു.

'സുശക്തമായ കരാറാണ് അവർ നിങ്ങളിൽ നിന്നും വാങ്ങിയിരിക്കുന്നത്'(വി:ഖു). തിരുനബി(സ്വ) അരുളി : സ്ത്രീകളുടെ വിഷയത്തിൽ ഞാൻ നിങ്ങളോട് ചെയ്യുന്ന നന്മയാകുന്ന വസ്വിയ്യത്തിനെ നിങ്ങൾ സ്വീകരിക്കുക. ഈ നിലയിൽ/ഇതിനോട് അടുത്ത് നിൽക്കുന്ന നിലയിൽ, സ്ത്രീയെ പരിഗണിച്ച മതമോ പ്രത്യയശാസ്ത്രമോ ലോകത്ത് വേറെയില്ല. ആക്ഷേപകർ, അവർ കാര്യം ഗ്രഹിച്ചിട്ടില്ല തന്നെ! 'സ്വന്തത്തെക്കുറിച്ച് ആലോചിക്കാത്ത, അതിന്റെ നിലവാരമറിയാത്തവരല്ലാതെ ഇബ്രാഹീമീ ചര്യയെ വിട്ട് മാറി ചിന്തിക്കുമോ?!'(വി:ഖു). സ്വന്തത്തെ മനസ്സിലാക്കി അതിലൂടെ സ്രഷ്ടാവിനെ അറിയുന്നവരിൽ നാഥൻ നമ്മെ ചേർക്കട്ടെ.

ലഹരിയിൽ മറയുന്ന ജീവനുകൾ

മിസ്ബാഹ് ഒറ്റപ്പാലം

വിദ്യാർത്ഥികളിൽ ലഹരിസാധനങ്ങളുടെ ഉപയോഗം വർധിക്കുന്നു. വിദ്യാഭ്യാസത്തിൽ നിന്ന് അവർ വഴിതെറ്റുകയാണ്. ലഹരിമാഫിയകൾ വിദ്യാർത്ഥികളെ ഉപയോഗിച്ച് കഞ്ചാവ്, എം.ഡി.എം പോലുള്ള വസ്തുക്കൾ വിതരണം ചെയ്യുന്നു. ചെറിയ സാമ്പത്തിക നേട്ടത്തിനായി അവർ റാക്കറ്റുകളിൽ കുടുങ്ങുന്നു. കേരളത്തിലെ പല സ്കൂളുകളിലും ഇതിന്റെ സ്വാധീനം കാണാം.

'എന്നെ പ്രസവിച്ചതിനുള്ള ശിക്ഷയാണിത്.' തളർന്നു കിടക്കുന്ന സ്വന്തം ഉമ്മയുടെ കഴുത്തറുത്ത് കൊലപ്പെടുത്തിയതിന്റെ കാരണമന്വേഷിച്ചപ്പോൾ ആഷിഖ് പറഞ്ഞ മറുപടിയാണിത്. ആരാണ് ആഷിഖ് എന്നല്ലേ? കോഴിക്കോട് സുബൈദ എന്ന ഉമ്മ നൊന്തു പെറ്റ മകൻ. ഏക കണ്മണി. മകനിൽ കണ്ട സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി ഉമ്മ അവനെ ബാംഗ്ലൂരിലേക്കയച്ചു. അവിടെ നിന്നവൻ ലഹരിവസ്തുക്കൾ നുണഞ്ഞു തുടങ്ങി. പിന്നെ അതിന്റെ കൂടെപ്പിറപ്പായി. സ്വബോധം നഷ്ടപ്പെട്ട ആഷിഖിന്റെ പരാക്രമം സഹിക്കവയ്യാതെ പ്രദേശവാസികൾ അവനെ ഡി അഡിക്ഷൻ ക്യാമ്പിൽ പ്രവേശിപ്പിച്ചു. തത്സമയത്തതാണ് അവനിൽ ചുടുചോരയുടെ ദുരാഗ്രഹം നുരപൊന്തിയത്. അതും പ്രിയപ്പെട്ട മാതാവിന്റെ രക്തം തന്നെ. ബാംഗ്ലൂർ പട്ടണം വിട്ടിറങ്ങുമ്പോൾ അവന്റെ മനസ്സിൽ ആ രക്തമായിരുന്നു ലക്ഷ്യം. അയൽവാസികളിൽ നിന്ന് കൊടുവാൾ ചോദിച്ചു വാങ്ങി. സ്നേഹലാളനയിൽ വളർത്തിയ ഉമ്മയുടെ കഴുത്തിൽ കടാരയിറക്കുമ്പോൾ അവന്റെ ഹൃത്തടത്തിൽ അലിവിന്റെ ഒരു തുള്ളി പോലും തെളിഞ്ഞില്ല.

വിദ്യാർഥികളിൽ വർധിച്ചുവരുന്ന ലഹരിഉപയോഗം വലിയ സാമൂഹ്യ പ്രശ്നമാണ്. അറിവ് നേടുക എന്ന ആത്യന്തികമായ ലക്ഷ്യത്തിൽ നിന്ന് വിദ്യാർഥികൾ വ്യതിചലിച്ചുകൊണ്ടിരിക്കുകയാണ്. ക്യാമ്പസ് തലങ്ങളിൽ നിന്ന് കേൾക്കുന്ന വാർത്തകളും തഥൈവ. ബോധപൂർവം ലഹരിവാഹകരായി വിദ്യാർത്ഥികളെ വിധേയരാക്കുന്നതാണ് ഗൗരവകരമായ വിഷയം. ലഹരിക്കടത്തിനായി വിദ്യാർഥികളെ ഉപയോഗിക്കുന്ന ലഹരിമാഫിയ സംഘമാണ് ഇതിന്റെഎല്ലാം പിന്നിൽ പ്രവർത്തിക്കുന്നത്. കഞ്ചാവ്,എം ഡി എം പോലുള്ള വിലപിടിപ്പുള്ള വസ്തുക്കൾ ഏജൻസികൾക്ക് കൈമാറുന്നതിനായി വിദ്യാർത്ഥികൾ നിയോഗിക്കപ്പെടുന്നു. ചെറിയ സാമ്പത്തിക നേട്ടത്തിന് വേണ്ടിയായിരിക്കാം അവർ അതിന് മുതിരുന്നത്. എന്നാൽ ഇത്തരത്തിലുള്ള

റാക്കറ്റുകളിൽ അകപ്പെട്ടാൽ അതിൽ നിന്ന് മോചനമില്ല എന്ന തിരിച്ചറിവ് നിഷ്കളങ്കരായ വിദ്യാർത്ഥികളിൽ ഉണ്ടാകണമെന്നില്ല. കേരളത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിരവധി മാഫിയകൾ പ്രവർത്തിക്കുന്നുണ്ട്.

പരസ്യങ്ങൾ, സിനിമകൾ, സീരിയലുകൾ, സോഷ്യൽ മീഡിയകളിലെ വീഡിയോകൾ മുതലായവ വിദ്യാർഥികളിലേക്ക് ലഹരി വ്യാപിപ്പിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ലഹരിയെ ആഘോഷിക്കുന്ന സംവിധാനങ്ങൾ ആരെയാണ് ആകർഷിക്കാത്തത്? ഇവ്വിധത്തിൽ വിദ്യാർത്ഥികളെ പരമാവധി ലഹരിയാടിമകളക്കുന്ന സംഘങ്ങൾ സാമൂഹിക വിപത്താണ് എന്നതിൽ അവ്യക്തതയില്ല. ലഹരിഅടിമകളായ വിദ്യാർത്ഥികളുടെ പ്രവർത്തങ്ങൾ അത്ര സുഖകരമല്ല. കഴിഞ്ഞ

വിദ്യാർഥികളിൽ വർധിച്ചുവരുന്ന ലഹരിഉപയോഗം വലിയ സാമൂഹ്യ പ്രശ്നമാണ്. അറിവ് നേടുക എന്ന ആത്യന്തികമായ ലക്ഷ്യത്തിൽ നിന്ന് വിദ്യാർഥികൾ വ്യതിചലിച്ചുകൊണ്ടിരിക്കുകയാണ്

മാസം കോട്ടയം നേഴ്സിംഗ് കോളേജിൽ നടന്ന റാഗിങ്ങിന്റെ പീഡന കഥകൾ വളരെ വേദനിപ്പിക്കുന്നതായിരുന്നു. ലഹരിയമർന്ന് വേദനകളെ ആസ്വദിക്കുന്ന പൈശാചിക രൂപമായിരുന്നു അവിടെ നടന്നത്. സ്വന്തം കുടുംബാംഗങ്ങളെ കൊലക്കിരയാക്കുമ്പോൾ ഇരുപത്തിമൂന്നുകാരന്റെ മനസ്സിൽ കരുണയുടെ വാതിലുകൾ തുറക്കപ്പെടാതിരുന്നതും ലഹരിയുടെ ഉപയോഗമാണ്.

സാമൂഹികമായ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ബോധപൂർവമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. വിപുലമായ ബോധവൽക്കരണവും സംവിധാങ്ങളുടെ പഴുതടച്ച പ്രവർത്തനവും ഡിജിറ്റൽ മേഖലകിൽ കൃത്യമായ ഉപയോഗ സാധ്യതകളും കൊണ്ടുവരുക എന്നതാണ് പ്രതിരോധ മാർഗങ്ങളായി സ്വീകരിക്കേണ്ടത്. ജീവിതം ലഹരിയായി മാറണം. മത്തുപിടിപ്പിക്കുന്ന ഏതെങ്കിലും രാസ, ജൈവ വസ്തുക്കളാകരുത്. കലാലയങ്ങളെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകൾ തടയപ്പെടണം. അതിന്നു വേണ്ടി അധികാര വർഗ്ഗങ്ങളിൽ നിന്നുള്ള സമീപനങ്ങൾ ആവശ്യമാണ്.

വ്യതവും ആരോഗ്യവും

ഇർഫാൻ കൊല്ലം

നോമ്പ് തുറക്കുമ്പോൾ അധികം ഭക്ഷണം കഴിക്കുന്നത് ശരീരത്തിന് ഹാനികരമാണെന്ന് ശാസ്ത്രം പറയുന്നു. ഇന്ന് ശാസ്ത്രം പഠിപ്പിക്കുന്നതിനെക്കാളും അതിമനോഹരമായി 1400 വർഷങ്ങൾക്ക് മുൻപേ തന്നെ നബി (സ) ശരിയായ ഡയറ്റ് ശൈലി നമ്മെ പഠിപ്പിച്ചിരുന്നു.

വിശുദ്ധ റമദാൻ എന്നത് ഭക്ഷണം കുറച്ച്, ജീവിത ചിലവുകൾ കുറച്ച്,ആത്മീയത വർദ്ധിപ്പിച്ച് അല്ലാഹുവിലേക്ക് അടുക്കേണ്ട ഒരു മാസമാണ്.പക്ഷേ റമളാനിലാണ് ഏറ്റവും കൂടുതൽ ഭക്ഷണം കഴിക്കുന്ന ഒരു പ്രവണത ഇന്ന് നമ്മുടെ നാട്ടിലൊക്കെ കണ്ടുവരുന്നത്. ചിലവുകൾ വർദ്ധിക്കുന്ന, ഭക്ഷണപാനീയങ്ങൾ വർദ്ധിക്കുന്ന ഒരുമാസം ആയിരിക്കുകയാണ് ഇന്ന് റമളാൻ.ശരിക്കും ഇത് നേരെ മറിച്ചാണ് വേണ്ടത്. കാരണം, അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ദേഹേച്ഛയെ നിയന്ത്രി

ക്കുന്ന മാസമാണ് റമദാൻ.
'മുസ്ലീങ്ങൾ എന്ന നമ്മുടെ സമുദായം വിശക്കുമ്പോൾ മാത്രം ഭക്ഷണം കഴിക്കുന്നവരാണ്,നമ്മൾ ഭക്ഷണം കഴിച്ചു കഴിഞ്ഞാലോ വയറുനിറയാൻ കാത്തിരിക്കുകയും ഇല്ല. ഈ സ്വഭാവഗുണങ്ങൾ ഉണ്ടായതുകൊണ്ട് തന്നെയാണ് ഏറ്റവും നല്ല ആരോഗ്യകരമായ അവസ്ഥ അന്നത്തെ മദീനാ നിവാസികളിൽ ഉണ്ടായിരുന്നത്.

എന്നാൽ ഇന്ന് ഇഫ്താർ പരിപാടികളും മറ്റു പാർട്ടികളിലൂടെയും ധാരാളം നമ്മൾ കഴിക്കുകയും നമ്മുടെ ശരീരത്തിന് ആവശ്യമില്ലാത്ത കൊഴുപ്പുകളും മറ്റും ശരീരം സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ശരിക്കും റമളാനിന്റെ ആ ലക്ഷ്യത്തിൽ നിന്ന് നമ്മൾ തികച്ചും തെന്നിമാറി കൊണ്ടിരിക്കുകയാണ്.റമദാനിൽ ഏകദേശം 12 മുതൽ 15 മണിക്കൂർ വരെയെങ്കിലും അന്നപാനീയങ്ങൾ ഒന്നും തന്നെ നമ്മൾ കഴിക്കാതെ നോമ്പ് തുറന്നതിനു ശേഷം ധാരാളം കഴിക്കുന്നത് നമ്മുടെ ശരീരത്തിന് ഹാനികരമാണെന്ന് ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. എന്തിനധികം ഇന്ന് പല ശാസ്ത്രങ്ങളും പറഞ്ഞു തന്നതിനെക്കാൾ വളരെ മനോഹരമായി ഡയറ്റ് സിസ്റ്റം എങ്ങനെയായിരിക്കണമെന്ന് 1400 വർഷം മുമ്പ് തന്നെ നബി തങ്ങൾ നമ്മളെ പഠിപ്പിച്ചിട്ടുണ്ട്. നബി (സ) തങ്ങൾ പറഞ്ഞു:-

'ആദം സന്തതികൾക്ക് അവന്റെ നട്ടെല്ല് നിവർത്തി വെക്കാൻ

കഴിയുന്ന തരത്തിൽ ഏതാനും കുറച്ചു ഭക്ഷണം മാത്രം മതി,ഇനി അവനു കുറച്ചു കൂടി ഭക്ഷണം കഴിച്ചേ മതിയാവൂ എങ്കിൽ വയറിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിന്, മൂന്നിലൊന്ന് വെള്ളത്തിന്, മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിന് വേണ്ടി ഒഴിവാക്കി വിടുക'

പക്ഷേ ഇന്ന് ധാരാളം ഭക്ഷണമാണ് നമ്മൾ റമദാനിൽ കഴിക്കുന്നത്.സ്ത്രീകൾ ധാരാളം ദിക്റുകളും ഖുർആൻ പാരായണങ്ങളും വർദ്ധിപ്പിക്കേണ്ട ഈ സമയത്ത് അവർ അടുക്കള ജോലിയിൽ വളരെ തിരക്കാണ് എന്ന് പറയുന്ന ഒരു സാഹചര്യമാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്നത്. നമ്മൾ ഭക്ഷണം കഴിച്ചതിനു ശേഷംനമുക്ക് ഉറക്കം വരുന്നുണ്ടോ, അല്ലെങ്കിൽ നമ്മുടെ ശരീരത്തിന് ക്ഷീണം വരുന്നുണ്ടോ എങ്കിൽ അത് അധികമാണ് എന്ന് നമ്മൾ മനസ്സിലാക്കി നമ്മൾ നമ്മുടെ റമദാനിലും ജീവിതരീതിയിലും ഭക്ഷണം ക്രമപ്പെടുത്താൻ ശ്രദ്ധിക്കുക.

അറുത്തു മാറ്റണം ആ ചോരവേരുകൾ

ഉനൈസ് വിളക്കോട്

'ഓർമകളിലേക്ക് തികട്ടിവരുന്ന കാമ്പസ് മുറ്റം, ശാന്തമായ ഇടവഴികൾ, കഥ പറഞ്ഞിരുന്ന മരച്ചുവടുകൾ, സ്വപ്നങ്ങൾക്ക് ചിറകുതന്ന ക്ലാസ്മുറികൾ, അനേകായിരം ജീവബന്ധങ്ങൾ നൽകിയ സുഹൃത്തുകൾ, ചിന്തകൾക്ക് ആകാശവും ചിറകും സമ്മാനിച്ച കാമ്പസ് എല്ലാം ഓർക്കാപ്പുറങ്ങളിലേക്ക് മറഞ്ഞുകൊണ്ടിരിക്കുകയാണ്

ഒന്ന് ഓർത്തുനോക്കിയാൽ ഓർമകളിലേക്ക് തികട്ടിവരുന്ന കാമ്പസ് മുറ്റം. ശാന്തമായ ഇടവഴികൾ, കഥ പറഞ്ഞിരുന്ന മരച്ചുവടുകൾ, സ്വപ്നങ്ങൾക്ക് ചിറകുതന്ന ക്ലാസ്മുറികൾ, അനേകായിരം ജീവബന്ധങ്ങൾ നൽകിയ സുഹൃത്തുക്കൾ, ചിന്തകൾക്ക് ആകാശവും ചിറകും സമ്മാനിച്ച കാമ്പസ് എല്ലാം ഓർക്കാപ്പുറങ്ങളിലേക്ക് മറഞ്ഞുകൊണ്ടിരിക്കുകയാണ്.. ആ നിർമലമായ വരാന്തകളിലിന്ന് ചോരവേരുകൾ പടർന്നുകൊണ്ടിക്കുകയാണ്.

പത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന അക്രമണങ്ങളും അമാനുഷിക പ്രവർത്തനങ്ങളും ഇന്ന് കാമ്പസുകളിൽ കടന്നുകൂടിയ ആധാർമികതയുടെ പകർപ്പുകളാ

നമ്മൾ വിദ്യാർത്ഥികളാണ്. പരിമിത മായ അതിരുകൾക്കുള്ളിൽ നിന്നും അപരിമിതമായ അനന്തതകളിലേക്ക് നമ്മളെയും നമ്മുടെ പിറകെ വരുന്ന സമൂഹത്തെയും കൊണ്ട് പറന്നുയരേ ണ്ടവരാണ്

ണ്. കണ്ടാൽകണ്ണ് തള്ളിക്കുന്നവ യാണ് അവയൊക്കെയും. മനുഷ്യാ നുഭവങ്ങളുടെ വിശാലതകളിലേക്ക് കടന്നു ചെല്ലുന്നതിനു പകരം പകയുടെയും വിദ്വേഷത്തിന്റെയും ആഴങ്ങളിലേക്ക് നൂണ്ടിറങ്ങുകയാ ണവർ.

വലിയ സ്വപ്നങ്ങളുമായാണ് ഓരോ രക്ഷിതാക്കളും കോളേജു കളിലേക്ക് മക്കളെ പറഞ്ഞുവിടുന്ന

ത്. അവരിൽ വെച്ചുപുലർത്തുന്ന പ്രതീക്ഷാഭാരം എത്രയാണ്!? അളക്കാവുന്നതിലും അപ്പുറമാണ ത്. അറിവനുഭവങ്ങുടെ ഉന്നതിയി ലേക്ക് അവർ പറന്നു ചെല്ലുന്നതും അവിടങ്ങളിൽ അവർ പണിയുന്ന ഉദ്യാനങ്ങളും മനങ്ങളിൽ കൊ ത്തിവെക്കുകയാണവർ. നിസഹാ യതയുടെ പതിതാവസ്തയിലും അറിവുകൾ വളർത്തുന്ന പടുവൃ ക്ഷത്തെ അവർ കൂട്ടു പിടിക്കുന്നു. അങ്ങനെയുള്ള രക്ഷി താക്കളിൽ ഈ വാർത്തകൾ സൃ ഷ്ടിക്കുന്ന പ്രകമ്പനങ്ങൾ എന്തൊ ക്കെയാവും!? ഉള്ളുരുക്കുന്ന വേതനകളാവില്ലേ. അവയൊക്കെ യും.!

ചില കോളേജ് വാർത്തകളിലേ ക്ക് സഞ്ചരിക്കാം.

ഒന്ന്: ഫെബ്രുവരി പതിനാല്, വെ റ്റിനറി കോളേജിൽ വാലന്റൈൻസ് ആഘോഷങ്ങൾ ചെറിയ വാക്കു തർക്കങ്ങളിൽ കലാഷിക്കുന്നു. നാട്ടിലേക്ക് തിരിച്ച സിദ്ധാർഥിനെ സുഹൃത്തുക്കൾ തിരിച്ചുവിളിക്കു ന്നു. കൂട്ടുകാരുടെ കൂട്ടത്തല്ലിൽ മര ണം കടന്നുപിടിക്കുന്നു. അതേ കൂ ട്ടുകാർ അവന്റെ ചേതയറ്റ ശരീരം ശുചിമുറിയിൽ കെട്ടിത്തൂക്കുന്നു. ഈ കാലത്ത് വിദ്യാർത്ഥികളിൽ രൂ പപ്പെട്ട സംഘടിത വിദ്വേഷത്തിന്റെ ദൃശ്യങ്ങളാണിത്.

രണ്ട്: ഹൈദരാബാദ് യൂണിവേ ഴ്സിറ്റിയിൽ നിന്നും രോഹിത് വെമുല എന്ന ഗവേഷക വിദ്യാർ ത്ഥി തൂങ്ങി മരിക്കുന്നു. അപരവ ത്കരണത്തിന്റെയും ജാതി വി വേചനത്തിന്റെയും അസഹനീയ സാഹചര്യങ്ങളായിരുന്നു രോ

ഹിതിനെ വഴിതെളിച്ചിരുന്നത്. അവസാനമായി എഴുതിവെച്ചത് ഇങ്ങനെയാണ്. 'എഴുത്തുകാരനാകാനായിരുന്നു ആഗ്രഹം, കാൾ സാഗനെപ്പോലെ ഒരു ശാസ്ത്രലേഖകൻ. എന്നാൽ ഈ കത്തെഴുതാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ.. ഈ ലോകത്തെ മനസിലാക്കാത്തത്തിൽ ഞാനൊരു തികഞ്ഞ പരാചിതനായിരിക്കാം. മനുഷ്യരിൽ ചിലർക്ക് ജന്മം തന്നെയാണ് ശാപം.. ഞാൻ ജനിച്ചു എന്നതാണ് ഞാൻ ചെയ്ത ഏറ്റവും വലിയ പാപം' കലാലയങ്ങളിൽ എത്ര തുടച്ചു നീക്കിയാലും തെളിഞ്ഞു വരുന്ന ജാതി വെറിയാണ് രോഹിതിനെ മരണത്തിലേക്കെത്തിച്ചത്. അവഗണനയുടെയും അകറ്റിനിർത്തലുകളുടേയും അങ്ങേയറ്റവും അനുഭവിച്ചറിഞ്ഞ നിഷ്കളങ്കമായ ഹൃദയത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന വാക്കുകളാണിവ.

മൂന്ന് :കോട്ടയം നഴ്സിങ് കോളേജിലെ ജൂനിയർ വിദ്യാർത്ഥിയെ കട്ടിലിൽ കെട്ടിയിട്ട് ക്രൂരമർദ്ദനം. അർദ്ധനഗ്നനാക്കി ശരീര ഭാഗങ്ങളിൽ ഡിവൈഡർ കൊണ്ട് കുത്തിപ്പരിക്കേൽപ്പിക്കുന്നു. അതിൽ ലോഷൻ പുരട്ടുന്നു. സ്വകാര്യ ഭാഗങ്ങളിൽ ഡമ്പൽസ് വെക്കുന്നു.. കരയുമ്പോൾ കണ്ണിലും വായയിലും ലോഷൻ ഒഴിക്കുന്നു. സഹിക്കവയ്യാതെ ആർത്തട്ടഹസിക്കുമ്പോൾ കണ്ടു നിൽക്കുന്നവർ പൊട്ടിച്ചിരിച്ച് ആനന്തം കണ്ടെത്തുന്നു.. റാഗിങ്ങുകളെ ആഘോഷമാക്കിയ തലമുറയിലെ കണ്ണിചോരയില്ലാത്ത അസുരവിത്തുകൾ. മനുഷ്യത്വം മരവിച്ച മനുഷ്യാനന്തര കാലത്തെ ദൈനംദിന ദൃശ്യങ്ങളാണിവ.

ചുടലപ്പറമ്പുകളെന്നോണം, ജാതി മത സ്പർദ്ധയെന്നോണം അടുത്തിരിക്കുന്ന കൂട്ടുകാരന്റെ വേദനകളെ കേൾക്കാനോ അതിൽ നൊമ്പരപ്പെടാനോ ആരുമില്ലാത്ത കാമ്പസ്മുറികൾ ജനാലകൾ തുറന്നിടുമ്പോഴും അടച്ചിട്ട ഏതോ ശുചിമുറികളെന്നോണം വിങ്ങുകയാണ്.

ക്ലാസ് മുറികളിൽ പൊലിഞ്ഞു പോകേണ്ടവരല്ല നമ്മൾ. സ്വപ്നങ്ങളുമായി ആകാശങ്ങൾ കീഴടക്കേണ്ടവരാണ്. രാഷ്ട്രീയ കൊലവിളികൾക്ക് മുമ്പിൽ അടിപതരേണ്ടവരല്ല. കലികാലന്മാരുടെ എച്ചിൽ കൂനകൾക്ക് മുമ്പിൽ ഒശാരം പാടേണ്ടവരല്ല.

നമ്മൾ വിദ്യാർത്ഥികളാണ്. പരിമിതമായ അതിരുകൾക്കുള്ളിൽ നിന്നും അപരിമിതമായ അനന്തതകളിലേക്ക് നമ്മളെയും നമ്മുടെ പിറകെ വരുന്ന സമൂഹത്തെയും കൊണ്ട് പറന്നുയരേണ്ടവരാണ്. കാലത്തിന്റെ മാറ്റങ്ങൾക്കിടയിൽ മാഞ്ഞുപോയ നമ്മുടെ സംസ്കാരത്തെ നാം വീണ്ടെടുക്കേണ്ടതുണ്ട്. അതിന് വിനയാകുന്ന എന്തിനെതിരെയും നാം ഒച്ച വെക്കണം. നിരന്തരം ഒച്ചകൾ വെക്കുമ്പോഴാണ് ഉണർച്ചകൾ ഉണ്ടാവുന്നത്.. വഴിയേ നാടിനെ മൂടിയിരിക്കുന്ന ഇരുണ്ട മേഘങ്ങളിൽ നിലാവ് പുതക്കണം. ഇവിടമാകെ വെളിച്ചം പരക്കണം

നോമ്പും ആരോഗ്യവും: ഇസ്ലാം നിർവചിക്കുന്നത്

ഫാറൂഖ് തുപ്പക്കൽ

പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങൾ ഉപേക്ഷിച്ചു നാം സമയം ചെലവഴിക്കുമ്പോൾ ഒരുനേരത്തെ ഭക്ഷണത്തിനുവേണ്ടി പ്രയാസപ്പെടുന്ന നമ്മുടെ സഹോദരന്റെ വികാരം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. പരസ്പരം സ്നേഹിക്കുകയും സൗഹാർദം കാത്തുസൂക്ഷിക്കുകയും ചെയ്യുമ്പോഴാണ് ഒരാളുടെ വിശ്വാസം പൂർണമാവുന്നത്.

അല്ലാഹുവിന്റെ അനുഗ്രഹം പെയ്തിറങ്ങുന്ന പുണ്യ റമദാൻ ഓരോ വിശ്വാസിക്കും ആത്മവ്യതിയുടെ നാളുകളാണ്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളുടെ പെയ്ത്തുകാലമാണിത്. ആയുസ്സിൽനിന്നു കഴിഞ്ഞുപോയ കാലങ്ങളെ കുറിച്ച് ആത്മവിചിന്തനം നടത്താനും ഭാവി ജീവിതത്തെ നന്മയുടെ പാതയിൽ ചലിപ്പിക്കാനും നാം തയാറെടുപ്പുകൾ നടത്തണം. ഐഹികലോകത്തെ ചാപല്യങ്ങളിൽ നശിച്ചുപോയ മനസ്സിനെ വീണ്ടുവിചാരം നടത്തി ശുദ്ധീകരിക്കാൻ നമ്മൾ ഈ സുവർണാവസരം ഉപയോഗപ്പെടുത്തണം.

പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങൾ ഉപേക്ഷിച്ചു നാം സമയം ചെലവഴിക്കുമ്പോൾ

ഒരുനേരത്തെ ഭക്ഷണത്തിനുവേണ്ടി പ്രയാസപ്പെടുന്ന നമ്മുടെ സഹോദരന്റെ വികാരം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. പരസ്പരം സ്നേഹിക്കുകയും സൗഹാർദം കാത്തുസൂക്ഷിക്കുകയും ചെയ്യുമ്പോഴാണ് ഒരാളുടെ വിശ്വാസം പൂർണമാവുന്നത്. പാപക്കറകൾ കഴുകിക്കളഞ്ഞ് ആരാധനാ ധന്യമായ ജീവിതത്തിലൂടെ പുണ്യങ്ങൾ സമ്പാദിക്കാനുള്ള കനകാവസരമാണ് റമദാൻ. മനസ്സും ശരീരവും സ്ഫുടംചെയ്ത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നതിനുള്ള പരിശ്രമത്തിലായിരിക്കും ഓരോ വിശ്വാസിയും.

ഉപവാസത്തിലൂടെ ആത്മീയ ചൈതന്യം മാത്രമല്ല, ആരോഗ്യദായക ജീവിതവും സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കും. ആത്മീയ ഉണർവിൻറെ പൂക്കാലം തന്നെയാണ് റമദാൻ. ഒപ്പം കൂടുതൽ മെച്ചപ്പെട്ട ആരോഗ്യം വീണ്ടെടുക്കാനുള്ള മികച്ച അവസരം കൂടിയാണിത്.

മനസിനെ സന്തോഷദായകമാക്കി മാറ്റുക എന്നതാണ് പ്രദാനം. ആത്മീയമായ ഉണർവിലൂടെ എളുപ്പം ഇതു സാധിക്കാൻ റമദാൻ വേളയിൽ കഴിയും. ജീവിതക്രമം താളം തെറ്റുന്ന സാഹചര്യമാണ് റമദാനിൽ. എങ്കിലും ആവശ്യത്തിന് വിശ്രമവും ഉറക്കവും വ്രതവേളയിൽ നാം ഉറപ്പാക്കിയേ തീരൂ.

വ്രതം അനുഷ്ഠിക്കുന്ന സമയത്ത് ശരീരത്തിന് ആവശ്യമായ ഊർജം കൊഴുപ്പിൽ നിന്നാണ്

കടുത്ത വേനലും ഇതിനൊപ്പം നോമ്പും പലർക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെങ്കിലും റമദാൻ കാലത്തെ ഡ്രൈ ഫാസ്റ്റിംഗിന് ആരോഗ്യ ഗുണങ്ങൾ പലതാണ്. ഇതു പോലെ നോമ്പു സമയത്ത് കഴിയ്ക്കാവുന്ന ചില ഭക്ഷണങ്ങളുമുണ്ട്.

പ്രത്യേക രാസപ്രവർത്തനം വഴി ശരീരം കണ്ടെത്തുന്നത്.

വ്രതത്തിന്റെ തുടക്കവും ഒടുക്കവും ലഘുഭക്ഷണമാണു വേണ്ടത്. അജീർണവും മലബന്ധവും ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കരുത്.

നോമ്പിനെ കുറിച്ച് ആരാഞ്ഞപ്പോൾ പ്രവാചകൻ മുഹമ്മദ് പറഞ്ഞത് ഇങ്ങനെയാണ് 'രോഗങ്ങൾ ദുരിതം വിതക്കുന്നതിന് മുമ്പ് നല്ല ആരോഗ്യത്തോടെ ജീവിക്കാനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുകയാണ്' വേണ്ടത്. ഇതിൽ നിന്നും മനുഷ്യരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഇസ്ലാം എത്ര പ്രാധാന്യം നൽക്കുന്നുണ്ടെന്ന് മനസിലാക്കാം. ശരിയായ ഭക്ഷണ രീതി ആത്മ നിയന്ത്രണം അച്ചടക്കം തുടങ്ങിയ മാനുഷിക ഗുണങ്ങൾ എങ്ങനെ ജീവിതത്തിൻറെ ഭാഗമാക്കാമെന്ന് റമദാൻ വ്രതം നമ്മെ പഠിപ്പിക്കുന്നു.

കടുത്ത വേനലും ഇതിനൊപ്പം നോമ്പും പലർക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെങ്കിലും റമദാൻ കാലത്തെ ഡ്രൈ ഫാസ്റ്റിംഗിന് ആരോഗ്യ ഗുണങ്ങൾ പലതാണ്. ഇതു പോലെ നോമ്പു സമയത്ത് കഴിയ്ക്കാവുന്ന ചില ഭക്ഷണങ്ങളുമുണ്ട്. ആരോഗ്യകരമായി ഭക്ഷണം കഴിയ്ക്കേണ്ട രീതിയും അറിയേണ്ടതുണ്ട്.

സകാത്ത്: വ്യവസ്ഥാപിതമായ സമത്വത്തിന് വഴിയൊരുക്കുന്ന മാർഗ്ഗം

മുസ്തഫ കാന്തപുരം

കൃഷിയിലൂടെ മനുഷ്യസമൂഹം സമൂലപരിവർത്തനം കാണുകയും ഉള്ളവനും ഇല്ലാത്തവനും ആയി വേർതിരിക്കപ്പെടുകയും ചെയ്തു. ഈ വ്യത്യാസം നീക്കാൻ ഇസ്ലാം സക്കാത്തിനെ അവകാശമായി പ്രഖ്യാപിക്കുന്നു. ഇതിലൂടെ സമഗ്ര പുരോഗതിയിലേക്കാണ് ഇസ്ലാമിന്റെ സാമൂഹിക പദ്ധതി ശ്രമിക്കുന്നത്.

ലോക ചരിത്രത്തെ വിലയിരുത്തുമ്പോൾ നീണ്ടകാലത്തെ പരിണാമങ്ങളുടെ അനന്തരഫലമായാണ് മനുഷ്യസമൂഹം മുതലാളിയെന്നും തൊഴിലാളി എന്നും അംഗീകരിക്കപ്പെടുന്നത് .അക്കാദമിക വായനകളിൽ സാമൂഹിക പരിവർത്തനത്തിന് ആരംഭം കുറിക്കുന്നത് കൃഷിയിലൂടെയാണ്. വേട്ടയാടി ജീവിച്ചു പോന്നിരുന്ന മനുഷ്യൻ കൃഷിയുടെയും കന്നുകാലി വളർത്തലിന്റെയും കണ്ടുപിടുത്തത്തോടെ അനന്തമായ സഞ്ചാരം ഉപേക്ഷിച്ച് ഒരു കേന്ദ്രീകൃത പ്രദേശത്ത് സമൂഹമായി ജീവിക്കുകയും തുടർന്ന് കൃഷിയിലും മറ്റും കേന്ദ്രീകരിക്കുകയായിരുന്നു.കൂടുതൽ നേടിയവൻ ഉള്ളവനായും നിർഭാഗ്യവശാൽ അതിനു കഴിയാതെ പോയവൻ ഇല്ലാത്തവനായും ഉള്ളവന്റെ ഔദാര്യത്തിൽ ജീവിക്കേണ്ടി വരികയും ചെയ്തപ്പോഴാണ് മുതലാളി എന്നും തൊഴിലാളി എന്നും രണ്ട് തലവാചകങ്ങൾക്ക് കീഴിലേക്ക് മനുഷ്യ സമൂഹം പരിമണിക്കേണ്ടി വന്നതെന്ന് ലളിതമായി നമുക്ക് പറയാം.

സാമൂഹിക പരിവർത്തനത്തിന്റെ പ്രാരംഭം മുതൽ പറഞ്ഞു തുടങ്ങിയത്.

ഇസ്ലാം ആവിഷ്കരിക്കുന്ന സാമൂഹിക പദ്ധതിയേ ബോധ്യപ്പെടുത്താനാണ്. ഉള്ളവന്റെ ഔദാര്യത്തിന് വിധേയപ്പെട്ട് ഒരു സമൂഹം കഴിയേണ്ടിവരുന്ന സമകാലിക സാമൂഹിക പദ്ധതിയെ നിരകരിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. മുതലാളിയുടെ സ്വത്തിന്റെ ഒരു വിഹിതത്തിന് അയാൾ അർഹനല്ലെന്നും ഇസ്ലാം പറയുന്നു.

ഇതിലൂടെ അധികാരികളുടെ ഔദാര്യത്തിന് വേണ്ടി ഒരു സമൂഹത്തെ അവകാശങ്ങൾ നൽകി ഉയർത്തി കൊണ്ടുവരികയാണ് ഇസ്ലാം ചെയ്യുന്നത്. സക്കാത്ത് ഔദാര്യമല്ല ,അവകാശമാണെന്ന് കേവലമായ വാചകങ്ങൾ അല്ലാ,മറിച്ച് ആധികാരികമായ പറച്ചിലാണെന്ന് ഇസ്ലാമിക കർമ്മശാസ്ത്രം മുന്നോട്ടുവെക്കുന്ന വിധിവിലക്കുകളിൽ നിന്ന് വ്യക്തമാകും. ഒരാൾ സക്കാത്തിന് പ്രാപ്തനായാൽ അതിനെ വഴികിക്കരുതെന്നാണ് കർമശാസ്ത്രം. അവകാശികളുടെ ആവശ്യങ്ങളെയാണ് പരിഗണിക്കപ്പെടേണ്ടത് എന്നാണ് കാരണം പറഞ്ഞത്. കോടതി മുഖേനെ ഈ അവകാശം നേടിയെടുക്കാൻ ഇസ്ലാമിക ഭരണത്തിനു കീഴിൽ നിയമവ്യവസ്ഥകളുണ്ട്. അവകാശങ്ങൾക്ക് സമ്പത്തിന്റെ വിഹിതം എടുക്കാൻ അനുവാദം നൽകുന്നതിന് പുറത്ത് അതിനെ അവർക്ക് എത്തിച്ചു നൽകൽ മുതലാളിയുടെ ഉത്തരവാദിത്തമാണ് എന്നതാണ് ഇസ്ലാമിൻറെ പക്ഷം. എൻറെ കൃഷിയുടെ അവകാശികളുടെ ഭാഗം കൊയ്ത് അവകാശികൾക്ക് എത്തിച്ചു കൊടുക്കുകയും അതിൻറെ മുഴുവൻ ചിലവുകളും മുതലാളി വഹിക്കുകയുമാണ് ചെയ്യേണ്ടത്.

സകാത്തിനായി ലഭിക്കുന്നത് എന്ത് ചെയ്യണമെന്ന് തീരുമാനമെടുക്കാനുള്ള അധികാരവും അവകാശികൾക്കാണ്. വിധേയപ്പെട്ട് കഴിയേണ്ടിവരുന്ന സമൂഹത്തിന് സാമ്പത്തിക വിഹിതം അവകാശപ്പെടുത്തിക്കൊണ്ട് ഇസ്ലാമിൻറെ സാമൂഹിക പദ്ധതി പരിപൂർണ്ണമാകുന്നില്ല .

അവകാശികളെ കേവലമായ സഹായം നൽകി സംരക്ഷിച്ചു പോരുന്നതിനപ്പുറത്ത് അടുത്ത വർഷങ്ങളിൽ അവരെയും കൂടി സക്കാത്ത് നൽകാൻ പ്രാപ്തനാക്കുന്നതാണ് ഇസ്ലാം. സക്കാത്ത് നൽകപ്പെടുന്ന വ്യക്തിക്ക് എന്താണ് ആവശ്യം? അതിനുതകുന്നതാവണം സക്കാത്തായി നൽകപ്പെടേണ്ടത് അഥവാ കച്ചവടം അറിയുമെങ്കിൽ ഒരു കച്ചവടത്തിന് ആവശ്യമായ മൂലധനം ആണ് സക്കാത്ത് നൽകേണ്ടത്, തൊഴിലാണ് പരിചയമെങ്കിൽ ആ തൊഴിലിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാനൊക്കുന്ന തുകയാണ് സക്കാത്ത് നൽകേണ്ടത്, ഒന്നുമറിയാത്തവർക്ക് ഒരു സാധാരണ ജീവിതത്തിന് ആവശ്യമായ തുക നൽകണം അങ്ങനെ താഴെ തട്ടിൽ ആരുടെയോ ഔദാര്യത്തിൽ ജീവിച്ചു മരിക്കാൻ ഉദ്ദേശിക്കുന്ന ഒരു സമൂഹത്തെ പ്രോത്സാഹനവും സഹായവും നൽകി ഉയർത്തിക്കൊണ്ടു വരാൻ ഇസ്ലാമിന് സാധിക്കുന്നു അതുകൊണ്ടുതന്നെയാണ് ഇസ്ലാമിൻറെ സാമൂഹിക നിർമ്മാണ പദ്ധതി പ്രായോഗികവും ആണെന്ന് പറയുന്നത്.

സമ്പത്ത് ശേഖരിച്ചവർ മുതലാളികളായി; പലരും തൊഴിലാളികളായി. ഈ അനീതിയെ ചോദ്യം ചെയ്താണ് ഇസ്ലാം സാമൂഹിക നീതിക്ക് അടിത്തറ വെച്ചത്. സക്കാത്ത് ദാനമല്ല, അവകാശമാണ്; സമ്പത്ത് നീതിപൂർവമായി വിതരണം ചെയ്ത് അവകാശികളെ ഉയർത്തുകയാണ് ഇസ്ലാമിന്റെ ദൗത്യം.

ആശ്വാസ തീരം തേടി!

സിനാൻ കല്ലിക്കണ്ടി

സുഹ്റ അടുക്കള ജോലിയിലായിരുന്നു. ഉമ്മറത്ത് നിന്ന് ആരോ വിളിക്കുന്നതായി കേട്ടതും തട്ടം നേരെയിട്ട് സുഹ്റ ഉമ്മറത്തേക്ക് ചെന്നു. വടക്കയിൽ റിയാസാണ്. കൊടുത്തുവിട്ടാനുള്ള പണവും ചോദിച്ചു വന്നതാണ്. എന്ത് പറയും. ഹാരിസിൻറെ ഒരു വിവരവുമില്ല. ആഴ്ചകളോളമായി ഒന്ന് ഫോൺ പോലും ചെയ്തിട്ട്. ' റിയാസിക്കാ ഇങ്ങക്ക് കുടിക്കാനെന്തേലും ഞാൻ എടുത്ത് വരാവേ'സുഹ്റ ധൃതിയിൽ അടുക്കളയിലേക്ക് നടന്നു. റിയാസിനോട് എന്ത് പറയണമെന്നറിയാതെ വേഗം ഉമ്മറം കാലിയാക്കിയതാണ് സുഹ്റ. ' അല്ല ഹാരിസിന്റെ വല്ല വിവരവുമുണ്ടോ അവൻ വന്നാൽ അറിയിക്കണം ' അതും പറഞ്ഞ് റിയാസ് തിരിച്ചു പോയി. സുഹ്റയുടെ ധൃതി പിടിച്ച പെരുമാറ്റം കണ്ടപ്പോൾ റിയാസ് പറഞ്ഞൊഴിയുകയായിരുന്നു. തന്നോട് രൂപയുടെ കാര്യമൊന്നും ചോദിച്ചില്ല. പെണ്ണുങ്ങളോട് ഇത്തരം കാര്യങ്ങൾ ചോദിച്ചിട്ട് കാര്യമില്ല എന്ന തിരിച്ചറിവായിരിക്കാം റിയാസിനെ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. എന്നത്തേയും പോലെ ഹാരിസനെ വിളിക്കാനായി സുഹ്റ ഫോണിൽ വിരലുകളമർത്തിയതും പതിവിന് വിപരീതമായി ഫോൺ റിങ് ചെയ്യുന്നതായി കണ്ടു. ഹാരിസ് വൈകാതെ ഫോൺ എടുത്തു.'സുഹറയാണോ' അപരിചിതമായ സ്വരം കേട്ട് ആദ്യമൊന്ന് സുഹറ പരിഭ്രമിച്ചെങ്കിലും 'ഉം' എന്ന് മൂളി. 'ഞാൻ റിയാസിന്റെ കടയുടെ മുതലാളി ലത്തീഫാണ്.അവൻ ചെറിയൊരു പ്രശ്നം കാരണം ഇവിടെ ജയിലിൽ അകപ്പെട്ടിരിക്കുകയാണ്,ഫോൺ ഇത്രയും നാൾ കസ്റ്റഡിയിലായിരുന്നു. ഇന്നാണ് ഞങ്ങൾക്ക് കൈമാറിയത്. ഇനി മറ്റു വിവരങ്ങളൊക്കെ ഞാൻ വഴിയെ അറിയിക്കാം' ഇത്രയും പറഞ്ഞ് ലത്തീഫ് കട്ട് ചെയ്തു. ഇതുകേട്ട് സുഹറ താൻ അണിഞ്ഞിരുന്ന വസ്ത്രമാകെ നനഞ്ഞു കുതിർന്ന നിലയിൽ നിലത്തിരുന്ന് കടലോളം കണ്ണുനീർ വാർന്നൊഴുക്കുകയായിരുന്നു. ഹാരിസിന്റെ വീട്ടുകാരെക്കാൾ ഹാരിസിനായിരുന്നു പഠിച്ച കുട്ടിയെ നിക്കാഹ് കഴിക്കണമെന്ന്. ഒടുവിൽ ഡിഗ്രി വരെ വീട്ടുകാരുടെ പ്രലോഭനത്തിൽ ഒന്നും വീഴാതെ പഠിച്ച സുഹ്റക്കാണ് നറുക്കു വീണത്. സുഹറയുടെ ഉമ്മ പഠിപ്പിന് എതിരായിരുന്നു.ഉപ്പയും ഇക്കയുമാണ് പഠിക്കുമെന്ന് കണ്ടപ്പോൾ പഠിക്കാൻ അവസരം കൊടുത്തത്. അതുകാരണം ഇന്ന് തന്റെ വീടിന് പരിസരത്തുള്ള മിക്ക കുട്ടികളും സുഹറയുടെ ട്യൂഷൻ ക്ലാസിലെ നിറസാന്നിധ്യമായിരുന്നു. കൂട്ടിനായി സമയം പോക്കെന്നോണം പഠിച്ച വസ്ത്രം തയ്യലും ഇന്ന് സുഹ്റ കൈത്തൊഴിലായി ചെയ്തുവരുന്നു.. ഈ വരുമാനം കൊണ്ടാണ് സുഹറ ഹാരിസിന്റെ പ്രാരാബ്ദങ്ങൾക്കിടയിൽ ഒരു നോവുമറിയിക്കാതെ ജീവിച്ചിരുന്നത്. ഒപ്പം അയൽപക്കക്കാർക്കിടയിലെ പണക്കുറികളിൽ ചേർന്ന് ആവശ്യത്തിനുവേണ്ട സമ്പാദ്യ സ്വരൂപണവും സുഹ്റയ്ക്കുണ്ടായിരുന്നു. പ്രിയതമന്റെ ഈയൊരവസ്ഥ സുഹറയെ പൂർണമായും തളർത്തി. അറിഞ്ഞ കാര്യങ്ങളൊന്നും മറ്റാരെയും അറി

യിക്കേണ്ടതില്ലെന്ന് സുഹ്റ തീരുമാനിച്ചുറപ്പിച്ചിരുന്നു. നിസ്കാര സമയം അറിയിച്ചുകൊണ്ട് ബാങ്ക് വിളി ഉയർന്നു. മനസ്സിനെ ശുദ്ധമാക്കാനും ദൈവത്തോട് അടുക്കാനും വേണ്ടിയാണ് നിസ്കാരം. നിസ്കാരങ്ങൾ ഓരോന്നും തനത് സമയത്ത് തന്നെ നിർവഹിക്കണം. ഖിബ്‌ലയെ അഭിമുഖീകരിച്ചു വേണം നിസ്കരിക്കാൻ. മക്കയിലെ പരിശുദ്ധ കഅ്ബാ മന്ദിരമാണ് ഖിബ് ല. സുഹറ കാലും മുഖവുമെല്ലാം ശുദ്ധി വരുത്തി നിസ്കാരം നിർവഹിക്കാനിരുന്നു. അല്ലാഹുവിനോട് ദുഃഖങ്ങൾ പങ്കുവെച്ചപ്പോൾ മനസ്സൊന്നു ശാന്തമായി. വൈകാതെ സുഹറയെ തേടി ലത്തീഫിന്റെ ഫോൺ കോൾ വീണ്ടും വന്നു. ‘ ഹാരിസിനെ ജയിലിൽ നിന്നിറക്കാൻ ഒരു ലക്ഷം രൂപ



വേഗം റെഡിയാക്കി തരാൻ പറ്റുമോ, അഞ്ചു ലക്ഷത്തോളം വേണം,ബാക്കി ഞങ്ങൾ ഒപ്പിച്ചിട്ടുണ്ട് ‘.ഞാൻ ഇന്ന് തന്നെ അയക്കാമെന്ന് വാക്ക് കൊടുത്ത് സുഹറ സംഭാഷണം നിർത്തി. വേഗം ടൗണിലെ പരിചയമുള്ള കാദർക്കയുടെ കടയിൽ ചെന്ന് വിവരം പറഞ്ഞപ്പോൾ പായാരം പറഞ്ഞെങ്കിലും പണയ കാശ് എടുത്തിട്ട് ബാക്കി വാങ്ങി. സ്വർണ്ണത്തിന് നല്ല വിലയുണ്ട്. പണയം വെച്ചത് എടുത്തു വിറ്റാൽ ലാഭമാണ്. പലിശ കൊടുക്കേണ്ടതില്ല.നൂല് പോലെ ഒരു മാല സുഹറയുടെ കഴുത്തിൽ ബാക്കിയായി. ഇപ്പോൾ അതുമതി ചമഞ്ഞു നടക്കാൻ കാര്യം നടക്കണല്ലോ. ബാങ്കിൽ പോയി ഇടപാട് നടത്തി വേഗം ലത്തീഫിന് ആവശ്യപ്പെട്ട പണം അയച്ചു കൊടുത്തു. രണ്ടുദിവസം കാത്തിരിക്കേണ്ടി വന്നെങ്കിലും ഹാരിസിന്റെ ഫോൺ കോൾ സുഹ്റയെ തേടിയെത്തി. ഇന്ന് ലത്തീഫായിരുന്നില്ല തന്റെ പ്രിയതമൻ ഹാരിസാണ് വാതോരാതെ സംസാരിച്ചത്. തീരം തേടിയണയുന്ന തിരകളെ പോലെയാണ് പ്രവാസികൾ. കടലിലേക്ക് മൊത്തം പവിഴവും വരാമെന്ന് മോഹിച്ചു വള്ളവും വലയുമായി പോയ മുക്കുവനെ പോലെ! തിരയ്ക്ക് കരയിൽ അണയാതെ വയ്യ. മുക്കുവനും കരയിലാണ് ജീവിതം. ആ തീരം തേടി വന്നേ മതിയാവൂ. തോൽവിയിൽ തളരാതെ ഒരു പുതിയ തീരം തേടിയുള്ള... ആശ്വാസ തീരം തേടിയുള്ള യാത്ര

സോഷ്യൽ ട്വീറ്റ്/**മുഹമ്മദ് കടവത്തൂർ**

വയലൻസ് അറ്റ് ഇറ്റ്സ് പീക്..!

'കേരളം ഭ്രാന്താലയമാണ്' സ്വാമി വിവേകാനന്ദൻ കുത്തിയത് ഇന്നും കേരളം അർഹിക്കുന്നു.

സാക്ഷരതയിൽ വീമ്പ് പറയുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ വിദ്യാർഥികൾ മാതാപിതാക്കളുടെ ആരാച്ചർമാരാകുന്നു,റാഗിങ് ട്രെന്റാകുന്നു,ലഹരി സുലഭമാകുന്നു,വിദ്യാർഥികൾ അധ്യാപകരെ ഭീഷണിപ്പെടുത്തുന്നു,ജീവന് മൂല്യമില്ലാതാകുന്നു.

കട്ടച്ചോര കൊണ്ട് ജ്യൂസടിക്കുന്ന കാലത്ത്, അഭിസംബോധകന്റെ ഇടയിൽ ഒരു കൈയ്യുടെയും ഒരു ചുറ്റികയുടെയും അകലം നിർബന്ധമാണ്.

പ്രബുദ്ധ കേരളത്തിൽ,നിരന്തരമായി നടമാടുന്ന അരാജകത്വ പ്രവർത്തങ്ങൾക്ക് അറുതി വേണ്ടേ...?

ലഹരി മാഫിയകളെ നിർമാർജിക്കണ്ടേ...?

വിദ്യാർഥികൾ മാതാപിതാക്കളുടെയും അധ്യാപകരുടെയും നിയന്ത്രണത്തിലാകണ്ടേ...?

എല്ലാം വേണം...!

'അധികാരികളേ,നിങ്ങളാണ് പ്രതി' എന്ന് തെരുവിൽ ആവർത്തിച്ചു ഒച്ചയുണ്ടാവുമ്പോഴും അവർ അന്ധർ,ബധിരർ, മുഖരായി നടിക്കുന്നു.

സൈക്കോ കേരളം കണി കണ്ടുണരുന്നത് നന്മയാവണേ എന്ന് പ്രാർഥിക്കാം.

Sensitive Content

കവിത/**മുഹമ്മദ് റിഷാദ് എളേറ്റിൽ**

അന്ധർ

അങ്ങാടിയിൽ നിന്നും
ചേരിയിലേക്കു നീങ്ങുന്ന
ബസ്സിൻപിൻ സീറ്റിൽ
'അന്ധർ' എന്നെഴുതിവെച്ചിരിക്കുന്നു.

ഊന്നുവടിയും കൂളിംഗ്
ഗ്ലാസുമിട്ടു കേറിവന്നൊരു വൃദ്ധൻ
ബസ്സുകമ്പിയിൽ പിടിച്ച്,
നിന്ന് യാത്ര ചെയ്യുകയാണ്.

കണ്ടഭാവം നടിക്കാതെ,
പാട്ടുകേട്ടും റീലിൽ തലോടിയും
സീറ്റിലിരുന്ന മധ്യവസക്കരായ
ചെറുപ്പക്കാരോട് കണ്ടക്ടർ
ആക്രോഷിക്കുന്നു.

' കണ്ണ് കണ്ടൂടേ...
അദ്ധേഹം നിൽക്കുന്നത് കാണുന്നില്ലേ ? '
ക്ഷുപിതന്നായ കണ്ടക്ടറെ
അനുനയിപ്പിച്ച് കൊണ്ട്
കണ്ണു കാണാത്തയാൾ പറഞ്ഞു:

ശാന്തനാകൂ...
എന്നെക്കാൾ
ആ സീറ്റിലിരിക്കാനുള്ള യോഗ്യത
അവർക്കു തന്നെ..